കൊല്ലപ്പെട്ടവർ അഞ്ചായി

[പി. ടി. ഐ.] ശ്രീനഗർ മെ. 10

ഷേക്കിനെ ബന്ധനസ്ഥനാക്കിയതിൽ പ്രതിഷേധിച്ച് പ്രകടനം നടത്തിയവരുടെ മേൽ നടന്ന വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ എണ്ണം അഞ്ചായി ഉയർന്നിരിക്കുന്നു.

Reg: No K. 81

# തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വാർഷിക വരിസംഖ്യ നിരക്ക്

വാരാന്ത്യപ്പതിപ്പ്

| | പോസ്റ്റ്ഓഫീ | പോസ്റ്റ്ഓഫീ |
|---|---|---|
| ഒരു കൊല്ലത്തേയ്ക്ക് | 27.00 | 6.00 |
| 6 മാസത്തേയ്ക്ക് | 13.50 | 3.00 |
| 1 മാസത്തേയ്ക്ക് | 2.25 | 1.50 |
| എജന്റുമാർവഴി ഒരു മാസത്തേയ്ക്ക് | | |
| വാരാന്ത്യപ്പതിപ്പ് ഓരോന്നും | | 2.10 |
| കാറപ്പുകി | 0.07 | 0.10 |

മാനേജർ.

വാല്യം 12 | ലക്കം 123 | 1965 മേയ് 11 ചൊവ്വ | ഒമ്പത് | വില 7 പൈസ | പേജ് 4


# കേരളത്തിൽ രാഷ്ട്രീയ കെട്ടുറപ്പുണ്ടാകണം

## ശ്രീനഗറിൽ പ്രകടനവും കലാപവും തുടരുന്നു

ശ്രീനഗർ മെയ് 10

ഷേക്കിനെ ഊട്ടിയിൽ ബന്ധനസ്ഥനാക്കിയതിനെ തുടർന്ന് ശ്രീനഗറിന്റെ മിക്ക ഭാഗങ്ങളിൽ ഇന്നും അക്രമങ്ങളും നടന്നതായി റിപ്പോർട്ട് ലഭിച്ചിരിക്കുന്നു.

ഒരു ബസ്സിനു തീകൊളുത്തി. ഒരു എ.ആർ.പി. ഓഫീസ്സറെ കുത്തിപ്പരിക്കേൽപ്പിച്ചു. ഒരു പോലീസ് പെട്രോളിന്റെ മേൽ ആക്രമണം നടത്തി. ടെലഫോൺ ബന്ധങ്ങളും റോഡ് ഗതാഗതവും വിച്ഛേദിക്കപ്പെട്ടു. കല്ലേറുമൂലം ഏതാനും പോലീസുകാർക്ക് പരിക്കേറ്റു. ചില രാഷ്ട്രീയ പ്രവർത്തകരുടെ വീടുകൾക്കുനേരേയും ആക്രമണമുണ്ടായി.

ഇന്നലത്തെ വെടിവെപ്പിൽ കൊല്ലപ്പെട്ട രണ്ടുപേരുടെ ശവസംസ്കാരച്ചടങ്ങിനെന്നു പറഞ്ഞ് ഏകദേശം നാലായിരത്തോളം പേരുകൂടിയ ഒരു വിലാപയാത്ര നടത്തി. പക്ഷേ പോലീസ് 'ശവപ്പെട്ടി' താനും നോക്കിയപ്പോൾ വെറും വൈസ്സിൽ മാത്രമാണ് കണ്ടത്. ഇതുപോലെതന്നെ മറ്റൊരു സംഭവവും നടന്നു: പക്ഷേ അതു പുഴയിൽ മുങ്ങിമരിച്ച ഒരാളുടെ ഉത്തരേന്ത്യൻ സംസ്കാരമായിരുന്നു.

സ്ഥിതി ഒരു ജാഥ നടത്തുവാൻ ശ്രമിച്ചെങ്കിലും പോലീസ് ഇടപെട്ട് തടഞ്ഞു.

ഇന്നത്തെ പ്രകടനവേളയിൽ 'കമ്യൂണിസ്റ്റ് ചൈനാ സിന്ദാബാദ്', ഷേക്ക്ബാദ്ധുള്ള സിന്ദാബാദ്', പാകിസ്ഥാൻ സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങളും മുഴങ്ങിയിരുന്നു.

....

## സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുകയാണ് ഉടനടി ചെയ്യേണ്ടതെന്ന് ലോകസഭാംഗങ്ങൾ

(പി ടി ഐ) ന്യൂഡൽഹി മെ. 10

**കേരളത്തിൽ രാഷ്ട്രീയമായ കെട്ടുറപ്പ് സൃഷ്ടിക്കുന്നതിനുവേണ്ടി അവിടത്തെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെ അനവധി ലോകസഭാംഗങ്ങളും ഇന്നു ഉന്നിപ്പറഞ്ഞു.**

കേരളത്തിൽ അരിവില കുതിച്ചുകയറുകയാണെന്നും അതു നിയന്ത്രിക്കാൻ സത്വരനടപടികളും സ്വീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ഏതെങ്കിലും ഒരു പാർട്ടിക്ക് കേരളത്തിൽ ഭരണം ഏറ്റെടുക്കാൻ സാധ്യമാകാത്ത സാഹചര്യം സൃഷ്ടിച്ചുകൂടാ കേന്ദ്രഗവണ്മെന്റാണെന്ന് യെൽപാൽസിങ്ങ് (സ്വതന്ത്രൻ യു. പി.) കുറ്റപ്പെടുത്തി. ആരേശുകൂടാമായ ഒരു ജനാധിപത്യവ്യവസ്ഥിതി രാജ്യത്തു കെട്ടിപടുക്കേണ്ടതു പ്രധാനമായും കോൺഗ്രസ്സിന്റെ കടമയാണ്.

കേരളത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ആരായാൻ ഒരു വിദഗ്ദ്ധസംഘത്തെ അടിയന്തിരമായി അയയ്ക്കണമെന്ന് മാത്യു മണിയങ്ങാടൻ ആവശ്യപ്പെട്ടു.

കേരളത്തിന്റെ സാമ്പത്തിക വികസനക്കാര്യത്തിൽ കേന്ദ്രം തികഞ്ഞ ജാഗ്രത പുലർത്തുമെന്ന് പ്ലാനിംങ്ങ് മന്ത്രി ഭഗത് മറുപടി നൽകി.

—

## നാഗാ സംഭാഷണത്തെപ്പറ്റി ലക്ഷ്മിമേനോൻ

(പി ടി ഐ) ന്യൂഡൽഹി മെ. 10

ശത്രുനാഗാങ്ങൾക്ക് സ്വയം ചർച്ചചെയ്യുന്നതിനായി കൂടുതൽ സമയം നൽകണമെന്ന് പീസ്മിഷനു അഭിപ്രായമുള്ളതിനാൽ നാഗാലാൻഡിലെ വെടിനിർത്തലിന്റെ കാലാവധി ജൂലയ് 15 ാം തീയതിവരെയ്ക്കു നീട്ടിയിട്ടുള്ളതായി വിദേശവകുപ്പിലെ മന്ത്രി ശ്രീമതി ലക്ഷ്മി എൻ. മേനോൻ പ്രസ്താവിച്ചിരിക്കുന്നു.

വീണ്ടും കൂടിയാലോചന നടത്തുന്നതിനുള്ള അടിസ്ഥാനമെന്നനിലയിൽ ഡിസമ്പർ 20-ാം തീയതി തങ്ങാം സമ്മതിച്ചു നിർദ്ദേശങ്ങൾക്ക് ശത്രുനാഗന്മാരിൽനിന്നും അസന്നിഗ്ദ്ധമായ ഒരു മറുപടി ലഭിക്കുന്നതിനുള്ള ശ്രമങ്ങളും പീസ്മിഷൻ നടത്തിക്കൊണ്ടിരിക്കുകയാണെന്നും അവർ പറഞ്ഞു.

....

## അങ്ങിനെ ഒരു കമ്പനി കേരളത്തിലില്ല

ന്യൂഡൽഹി, മെ 10

വാഴമണ്ണത്തിൽനിന്ന സ്വാച്ച നിർമ്മിക്കുന്നതിന് കേരളത്തിൽ ഗവണ്മെന്റ് ഒരു കേന്ദ്രം തുടങ്ങിയിട്ടുണ്ടോ എന്ന ശ്രീ. എ കെ. ഗോപാലന്റെ ചോദ്യത്തിന് എഴുതിക്കൊടുത്ത മറുപടിയിൽ 'ഇല്ല' എന്നു വ്യവസായ സപ്ലൈ വകുപ്പ് ഡപ്യൂട്ടിമന്ത്രി ശ്രീ. രവിബ്യ ഡേമിശ്ര ലോക്സഭയിൽ പ്രസ്താവിച്ചു.

—

## കേരളത്തിനു ഒരുരക്ഷകൻ

കേഴിക്കോട് മെയ് 10

കേരളത്തിന്റെ നല്ലഭാവിക്ക് സുനിശ്ചിതമായ ഒരടിസ്ഥാനമിട്ടവൻ തനിക്കു കഴിയുമെന്നാണ് തന്റെ വിശ്വാസമെന്ന് കേരള ഗവർണ്ണർ എ. പി. ജയിൻ ഇന്നിവിടെവച്ച് പ്രസ്താവിച്ചിരിക്കുന്നു. ജനങ്ങളുടെ വിശ്വസനീയത നഷ്ടപ്പെടുത്തുന്ന അഭിപ്രായങ്ങൾ പ്രതിക്ഷിക്കുന്നു.

'മാതൃഭൂമി' കാമ്പിസിൽവെച്ചു നൽകപ്പെട്ട ഒരു സ്വീകരണത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇവിടെയുള്ള ഒരു ജെയിൻക്ഷേത്രവും അദ്ദേഹം സന്ദർശിച്ചു. 'ആരതി' എന്ന പടങ്ങും നിവ്വഹിക്കുകയുണ്ടായി.

.... പി ടി ഐ

---

ഫാജരാക്കുവാൻ ഇന്ത്യ. എം. എസ്. സുബ്രമണ്യപിള്ള ഇന്ത്യാ ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നു. ആരോപണങ്ങൾ തികച്ചും തെറ്റാണെന്നു സ്ഥാനരഹിതവുമെന്ന് തനിക്ക് തോന്നുന്നതായി അദ്ദേഹം പ്രസ്താവിച്ചു.

ഒരു ചെറുപ്രായോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തികച്ചും അനുകൂലമായ വിധത്തിൽ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ ജയിലിലടച്ചപ്പോൾ, പാക്കിസ്ഥാൻ നേതാക്കന്മാരും ചൈനീസ്പ്രധാനമന്ത്രിയുമായി പരസ്യമായി ശ്രുതിലേപന നടത്തിയ ഷേക്ക് അബ്ദുള്ളയെ ഉടൻതന്നെ കശ്മീർഹൈസ്കോടതിൽ ഏറ്റവും സുപ്രധാനവുക്കിക്കാര്യങ്ങളുടെ പരിപാലനം നൽകുന്ന ഇന്ത്യാഗവണ്മെന്റിന്റെ നടപടി തികച്ചും ഖേദകരമാണെന്ന് മി. നമ്പൂതിരിപ്പാട് പറഞ്ഞു.

....

## ലോകസഭയിൽനിന്നും ഡെ. ലിഡറായി ഗോപാലറെഡ്ഡിയെ തിരഞ്ഞെടുത്തു

### മിസ്സിസ് പണ്ഡിറ്റ് അവസാന നിമിഷത്തിൽ പിന്മാറി

[പി ടി ഐ] ന്യൂഡൽഹി, മെയ് 10

*ലോകസഭയിൽനിന്നും, പാർലമെന്റിലെ കോൺ. പാർട്ടിയുടെ നേതാക്കന്മാരിൽ മുൻകേന്ദ്രമന്ത്രി ബി. ഗോപാലറെഡ്ഡിയെ എതിരില്ലാതെ തെരഞ്ഞെടുത്തിരിക്കുന്നു.*

മിസ്സിസ് വിജയലക്ഷ്മി പണ്ഡിറ്റ് അവസാന നിമിഷത്തിൽ രംഗത്തുനിന്നും പിന്മാറിയതുകൊണ്ടാണ് ഇന്ദിരാഗാന്ധിയുടെ കരുനീക്കങ്ങൾ പരാജയപ്പെട്ടതു. പാർട്ടിനേതാവ് ശ്രീ നെഹ്രുവിന്റെ അഭിലാഷമനുസരിച്ചാണ് താൻ പിന്മാറിയതെന്ന് മിസ്സിസ് പണ്ഡിറ്റ് പി. ടി. ഐ. യോട് പറഞ്ഞു.

പാർട്ടിക്ക് രണ്ട് ഡെപ്യൂട്ടി ലീഡർമാരുണ്ട്. ഒരാൾ ലോകസഭയിൽനിന്നും രണ്ടാമത്തെയാൾ രാജ്യസഭയിൽനിന്നും. ശ്രീമതി ഇന്ദിരാഗാന്ധിയെ നേരത്തേ രാജ്യസഭയിൽനിന്നും ഡെപ്യൂട്ടി ലീഡർസ്ഥാനത്തേക്കു് എതിരില്ലാതെ തെരഞ്ഞെടുത്തിട്ടുണ്ട്.

താൻ സ്ഥാനാർത്ഥിയായിനിന്നതു് ഗവണ്മെന്റിനെതിരായ ഒരു നടപടിയായി ചിലർ ചിത്രീകരിച്ചുവെന്നും കേന്ദ്രമന്ത്രിമാർപോലും തന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ ആവശ്യപ്പെട്ടുവെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടാൽ പാർട്ടിപ്രവർത്തനത്തിൽനിന്നും പിന്മാറാമെന്നു് താൻ പറഞ്ഞുവെന്നും മിസ്സിസ് പണ്ഡിറ്റ് പറഞ്ഞു.

—

## ഷേക്കിനെ തടവിലാക്കിയതു് ന്യായീകരിക്കാനാവില്ല!

### ജയപ്രകാശ് നാരായണൻ രംഗത്തു്

(പി ടി ഐ) വാർധോഗഞ്ച് മെ. 9

**ഷേക്ക്ബാദ്ധുള്ള വിശേഷിച്ചു നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി ഇവരെ ഗവണ്മെന്റ് പറഞ്ഞതൊന്നും അദ്ദേഹത്തിന്റെ ബന്ധനത്തെ ന്യായീകരിക്കുന്നില്ലെന്നു് സർവ്വോദയനേതാവ് ജയപ്രകാശ് നാരായൺ പ്രസ്താവിച്ചിരിക്കുന്നു.**

ജയപ്രകാശ് നാരായൺ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:—

'ഷേക്കിന്റെയും ബെഗിന്റെയും ബന്ധനവാർത്ത വളരെ ഖേദത്തോടെയാണ് ഞൻ ശ്രവിച്ചതു്. ഷേക്ക്ബാദ്ധുള്ളയുടെ വീടുപ്രവർത്തനങ്ങളെപ്പറ്റിയാണു് ഇതുവരെ ശ്രവണമെന്നു് പറഞ്ഞതൊന്നും അദ്ദേഹത്തിന്റെ അനുയായികളുടെ നിരീക്ഷണത്തിൽ കാശ്മീർപ്രശ്നം സമാധാനപരമായും അന്തസ്സായും പരിഹരിക്കണമെന്നാണ് ഗവണ്മെന്റ് ഇപ്പോഴും ആഗ്രഹിക്കുന്നതെങ്കിൽ, ഈ നടപടി രാഷ്ട്രീയമായിപ്പോലും കഴപ്പം നിറഞ്ഞതും ദുരുദ്ദേശപരവുമായിപ്പോയി. ഗവണ്മെന്റിന്റെ ഉത്തരവാദസരിച്ചു് ഇന്ത്യയിലുള്ള ഷേക്ക് മടങ്ങിവന്നു എന്നുള്ളതു അദ്ദേഹത്തിന്റെ മനസ്സാക്ഷി ശുദ്ധമാണെന്നും എല്ലാ ആരോപണങ്ങൾക്കും മറുപടി പറയാൻ തയ്യാറായിട്ടാണ് അദ്ദേഹം വന്നതെന്നും വ്യക്തമാണല്ലോ. അതിനുള്ള അവസരം അദ്ദേഹത്തിനു നൽകേണ്ടതായിരുന്നു. ആ അവസരം നിഷേധിച്ചതു് ശക്തിയുടെയല്ല, ദൌർബ്ബല്യത്തിന്റെ ലക്ഷണമാണ്. ഡൽഹി അതിന്റെ സമചിത്തത കൈവടിയാതെ മര്യാദയും ധാർമ്മികതയും പാലിക്കുമെന്നാണ് എന്റെ പ്രത്യാശ.'

—

## ഷെയ്ക്കിന്റെ സുഹൃത്തിനെക്കുറിച്ചു

[പി. ടി. ഐ] ശ്രീനഗർ മെയ് 10

ഷേക്കുമായുള്ള തന്റെ സുഹൃത്തായ മൌലാനാ സെയ്ദ് മസൂദിയുടെ പൊതിവാർക്കൽ കോൺഫ്രൻസിന്റെ സ്ഥാപകനായ മൊഹിയുദ്ദീൻ കാരയുടെ കല്ലേറുമൂലം പരിക്കുപറ്റിയിരിക്കുന്നു. ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുശേഷം ജമാ മസ്ജിദിൽനിന്നും ഇറങ്ങിവരികയായിരുന്നു അവർ. അവർ സഞ്ചരിച്ചിരുന്ന ജീപ്പിന്റെ കണ്ണാടി കല്ലേറുമൂലം തകർന്നതിനെ തുടർന്നാണ് പരിക്കേറ്റതെന്നു പൊലീസ് പറഞ്ഞു.

പക്ഷേ, ജീപ്പിന്റെ കണ്ണാടി പൊലീസ് ലാത്തികൊണ്ടടിച്ചുപൊട്ടിച്ചതാണെന്നു വിദ്യാർത്ഥിനേതാക്കന്മാരിൽ ഒരുവക്താവ് ആരോപിച്ചു.

പരിക്കേറ്റവരുടെ രണ്ടുപേരും അതേപ്പറ്റിൽത്തന്നെ മുഖ്യമന്ത്രിയുടെ വസതിയിൽച്ചെന്നു പ്രധാനമന്ത്രിയുടെ പരാതികൾ സ്വീകരിച്ചു. പരിക്കുകൾ ഗുരുതരമല്ലെന്നു് ഡോക്ടർ പറഞ്ഞു.

ഷേക്കിന്റെമേൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിൽ പ്രതിഷേധിച്ചുകൊണ്ടു് തെരിനഗറിൽ ആചാരിക്കുവാൻ ജമാ മസ്ജിദിൽവച്ചു് മൌലാനാ ആഹ്വാനംചെയ്തു.

—

## കേരളത്തിൽ ഐക്യം കൈവരുത്തുകയാണ് ലക്ഷ്യം

### ജനങ്ങൾ സഹകരിക്കണമെന്ന് ഗവണ്മെന്റ്

[പി. ടി. ഐ.] കോഴിക്കോട്, മെ. 10

*അസ്വസ്ഥതയ്ക്കു് ഐക്യം കൈവരുത്തുകയാണ് തന്റെ ശ്രമത്തിന്റെ ലക്ഷ്യം. എന്നാൽ അതു ജനങ്ങളിൽനിന്നുള്ള പിന്തുണയെ ആശ്രയിച്ചിരിക്കുമെന്നാണ് ഗവണ്മെന്റ് എ. പി. ജയിൻ ഇവിടെവെച്ചു പ്രസ്താവിച്ചു. കോഴിക്കോട് ലയൺസ് ക്ലബ്ബ് ഏർപ്പെടുത്തിയ ഒരു വിന്നർ സൽക്കാരത്തിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം.*

രാഷ്ട്രം ഒരു പ്രയാസമേറിയ കാലഘട്ടത്തെയാണ് തരണംചെയ്തുകൊണ്ടിരിക്കുന്നതു്. രണ്ടാമവട്ടം ഞാൻ കശ്മീരിൽ ചെന്നപ്പോൾ കണ്ടതിനെക്കാൾ വളരെ മാറ്റം കാണുന്നുണ്ടു്. ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചശേഷം ജമാ മസ്ജിദിൽനിന്നും ഇറങ്ങിവരികയായിരുന്നു അവർ. അവർ സഞ്ചരിച്ചിരുന്ന ജീപ്പിന്റെ കണ്ണാടി കല്ലേറുമൂലം തകർന്നതിനെ തുടർന്നാണ് പരിക്കേറ്റതെന്നു പൊലീസ് പറഞ്ഞു.

പക്ഷേ, ജീപ്പിന്റെ കണ്ണാടി പൊലീസ് ലാത്തികൊണ്ടടിച്ചുപൊട്ടിച്ചതാണെന്നു വിദ്യാർത്ഥിനേതാക്കന്മാരിൽ ഒരുവക്താവ് ആരോപിച്ചു.

പരിക്കേറ്റവരുടെ രണ്ടുപേരും അതേപ്പറ്റിൽത്തന്നെ മുഖ്യമന്ത്രിയുടെ വസതിയിൽച്ചെന്നു പ്രധാനമന്ത്രിയുടെ പരാതികൾ സ്വീകരിച്ചു. പരിക്കുകൾ ഗുരുതരമല്ലെന്നു് ഡോക്ടർ പറഞ്ഞു.

ഷേക്കിന്റെമേൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിൽ പ്രതിഷേധിച്ചുകൊണ്ടു് തെരിനഗറിൽ ആചാരിക്കുവാൻ ജമാ മസ്ജിദിൽവച്ചു് മൌലാനാ ആഹ്വാനംചെയ്തു.

ഏ. പി. ജയിൻ ഉൽഘാടനം ചെയ്തു.

സംസ്ഥാനത്തിനു പുറത്തുള്ള വിദ്യുത്പദ്ധതികൾക്കായി 50 ശതമാനം സീറുകൾ സംവരണംചെയ്തിട്ടുള്ളതു് ശ്രേഷ്ഠാൽഗ്രാമത്തിന്റെ കടുയാളമാണെന്നു് ഗവണ്മെന്റർ പറഞ്ഞു. ഈ സ്ഥാപനം കേരളത്തിന്റെ മാത്രമല്ല, മുഴുവൻ ഇന്ത്യയുടേയും കാര്യക്ഷമവുമായി ശോഭനമായ ഭാവിക്കുവേണ്ടി സേവനമനുഷ്ഠിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

ചടങ്ങിൽ മി. കെ. പി. കേശവമേനോൻ അദ്ധ്യക്ഷത വഹിച്ചു.

—

## മേനോൻ കോസിജിനെ കാണുന്നു

മോസ്കോ, മെ. 10

ഒന്നോ രണ്ടോ ദിവസങ്ങൾക്കകം ഇന്ത്യൻ പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മി. അശോക് മേത്ത പ്രധാനമന്ത്രി അലക്സി കോസിജിനെ കാണുന്നതായിരിക്കുന്നു് പ്രതീക്ഷിക്കപ്പെടുന്നു.

(റോയിട്ടർ)

## ഷേക്കിനെ തടവിലാക്കിയതു് ന്യായീകരിക്കാനാവില്ല!

### ജയപ്രകാശ് നാരായണൻ രംഗത്തു്

(പി ടി ഐ) വാർധോഗഞ്ച് മെ. 9

**ഷേക്ക്ബാദ്ധുള്ള വിശേഷിച്ചു നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി ഇവരെ ഗവണ്മെന്റ് പറഞ്ഞതൊന്നും അദ്ദേഹത്തിന്റെ ബന്ധനത്തെ ന്യായീകരിക്കുന്നില്ലെന്നു് സർവ്വോദയനേതാവ് ജയപ്രകാശ് നാരായൺ പ്രസ്താവിച്ചിരിക്കുന്നു.**

ജയപ്രകാശ് നാരായൺ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:—

'ഷേക്കിന്റെയും ബെഗിന്റെയും ബന്ധനവാർത്ത വളരെ ഖേദത്തോടെയാണ് ഞൻ ശ്രവിച്ചതു്. ഷേക്ക്ബാദ്ധുള്ളയുടെ വീടുപ്രവർത്തനങ്ങളെപ്പറ്റിയാണു് ഇതുവരെ ശ്രവണമെന്നു് പറഞ്ഞതൊന്നും അദ്ദേഹത്തിന്റെ അനുയായികളുടെ നിരീക്ഷണത്തിൽ കാശ്മീർപ്രശ്നം സമാധാനപരമായും അന്തസ്സായും പരിഹരിക്കണമെന്നാണ് ഗവണ്മെന്റ് ഇപ്പോഴും ആഗ്രഹിക്കുന്നതെങ്കിൽ, ഈ നടപടി രാഷ്ട്രീയമായിപ്പോലും കഴപ്പം നിറഞ്ഞതും ദുരുദ്ദേശപരവുമായിപ്പോയി. ഗവണ്മെന്റിന്റെ ഉത്തരവനുസരിച്ചു് ഇന്ത്യയിലുള്ള ഷേക്ക് മടങ്ങിവന്നു എന്നുള്ളതു അദ്ദേഹത്തിന്റെ മനസ്സാക്ഷി ശുദ്ധമാണെന്നും എല്ലാ ആരോപണങ്ങൾക്കും മറുപടി പറയാൻ തയ്യാറായിട്ടാണ് അദ്ദേഹം വന്നതെന്നും വ്യക്തമാണല്ലോ. അതിനുള്ള അവസരം അദ്ദേഹത്തിനു നൽകേണ്ടതായിരുന്നു. ആ അവസരം നിഷേധിച്ചതു് ശക്തിയുടെയല്ല, ദൌർബ്ബല്യത്തിന്റെ ലക്ഷണമാണ്. ഡൽഹി അതിന്റെ സമചിത്തത കൈവടിയാതെ മര്യാദയും ധാർമ്മികതയും പാലിക്കുമെന്നാണ് എന്റെ പ്രത്യാശ.'

—

## മീൻപിടുത്തക്കാരെ പാക്കിസ്ഥാനികൾ തടുക്കുമിച്ചു

പി. ടി. ഐ. കൽക്കട്ട, മേ. 10

മാൾഡ ജില്ലയിലെ പുനർനബാനദിയിൽ മീൻപിടിച്ചുകൊണ്ടിരുന്ന ഇന്ത്യൻ മീൻപിടുത്തക്കാരെ അമ്പും വില്ലുംധരിച്ച ഒരു സംഘം പാക്കിസ്ഥാനികൾ ആക്രമിച്ചതായി ഇവിടെ റിപ്പോർട്ടുചെയ്തിരിക്കുന്നു. പാക് ആക്രമണത്തിന്റെ ഫലമായി ജീവാപായംസംഭവിച്ചുവെന്നതിനെപ്പറ്റി വിവരമൊന്നുംകിട്ടിയിട്ടില്ല. പശ്ചിമബങ്കാൾ അതിർത്തിപ്പോലീസിന്റെ ആഗമനത്തോടെ പാക്കിസ്ഥാനികൾപോയ്മറഞ്ഞു.

—

## ആസ്സാം—പൂർവ്വപാക്കിസ്ഥാൻ അതിർത്തിയിൽ വെടിവെപ്പ്

[പി. ടി. ഐ.] ഷില്ലോങ്ങ്, മെ. 10

ആസ്സാം—പൂർവ്വപാക്കിസ്ഥാൻ അതിർത്തിയിലെ പാകിയിലേക്ക് പൂർവ്വപാക്കിസ്ഥാൻ പട്ടാളക്കാർ പിറ്റിയൊഴിക്കുകയുണ്ടായി.

ആരോളം മാരണ്ട് വെടിവെയ്ക്കുകയുണ്ടായെന്ന് ഔദ്യോഗികവൃത്തം ഇന്നിവിടെ അറിയിച്ചു.

ജീവാപായമൊന്നുമുണ്ടായില്ല.

—

## ട്രഷറി ഇടപാടുകൾക്ക് 5കോടി രൂപകൂടി വേണമെന്ന്

(പി ടി ഐ) തിരു. മെ. 10

ഇടുക്കി ജലവൈദ്യുതപദ്ധതിയുടെ നിർമ്മാണത്തിന് നടപ്പുവർഷത്തിൽ ഞാനുകോടി രൂപകൂടി ഓവർഡ്രാഫ്റ്റ് ആയിട്ടെങ്കിലും അനുവദിക്കണമെന്ന് കേരളഗവണ്മെന്റ് കേന്ദ്രത്തോടാവശ്യപ്പെട്ടിരിക്കുന്നതായി അറിയുന്നു.

....

## പാക്കിസ്ഥാൻ ഒഴിഞ്ഞുപോകുമെന്ന് പ്രത്യാശ

### സോവ്യറ്റ് നേതാക്കന്മാരുടെ ശുഭാപ്തിവിശ്വാസം

(പി ടി ഐ) മോസ്കോ, മെയ് 10

*താഷ്കന്റ് കച്ചവടത്തിൽനിന്ന് ഒഴിഞ്ഞുപോകുകയും സമാധാനപരമായ ഒരു പരിഹാരത്തിനു് കളമൊരുക്കുകയും ചെയ്യുന്നതിനു് പാക്കിസ്ഥാൻ സമ്മതിക്കുമെന്നു് സോവ്യറ്റ് നേതാക്കന്മാർ പ്രത്യാശ പ്രകടിപ്പിച്ചിരിക്കുന്നു.* റിപ്പായി

നാസി ജർമ്മനിക്കെതിരായി വിജയം കൈവരിച്ചതിന്റെ 20-ാംവാർഷികം ആഘോഷിക്കുന്നതിനായി ക്രെംലിനിൽ നടന്ന സ്വീകരണച്ചടങ്ങിൽവെച്ചു് സോവ്യറ്റ് നേതാക്കന്മാരുടെ ഈ പ്രത്യാശ, ഇന്ത്യൻ അംബാസിഡർ മി കൗളിനു അറിയിച്ചുകയ്ക്കുകയുണ്ടായി. സോവ്യറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സെക്രട്ടറി മി. ബ്രഷ്നേവ് പ്രധാനമന്ത്രി മി. കോസിജിൻ, പ്രസിഡിയം മെമ്പർമാരായ സുസ്ലോവ്, പ്യോൻസ്നി, ഷെലപിൻ, വിദേശകാര്യമന്ത്രി ശ്രോമിക്കോവ് എന്നീ മുന്നേതാക്കന്മാരായ സോവ്യറ്റ് നേതാക്കന്മാരുമായി മി, കൌൾ പ്രത്യേകം സംഭാഷണം നടത്തുന്നതായി കാണപ്പെട്ടു. കച്ചിലെ സ്ഥിതിഗതികളെപ്പറ്റിയുള്ള ടാസിന്റെ പ്രസ്താവനയും പ്രധാനമന്ത്രി ശാസ്ത്രിയുടെ സോവ്യറ്റ് സന്ദർശനവും സംബന്ധിച്ചു് മി. കൗളുമായി അനൗപചാരികമായും ഔദ്യോഗികമായും നേരംപോക്കു ഭാഷണം നടത്തി.

മി. ശാസ്ത്രിയുടെ സന്ദർശനം തങ്ങൾക്കു ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണെന്നു് സോവ്യറ്റ് നേതാക്കൾ പറഞ്ഞതായി അറിയുന്നു.

കച്ചിൽ പാക്കിസ്ഥാനാണ് കഴപ്പുണ്ടാക്കിയതെന്നും ബലപ്രയോഗിച്ചു് അവർ മൂന്നുപോസ്റ്റുകൾ പിടിച്ചെടുക്കുകയാണുണ്ടായതെന്നും സോവ്യറ്റ് നേതാക്കന്മാർക്കറിയാം.

ശാസ്ത്രിഗവണ്മെന്റ് പ്രദർശിപ്പിച്ചുസംയമനവും ക്ഷമയും സോവ്യറ്റ് നേതാക്കന്മാരെ സന്തുഷ്ടരാക്കിയിട്ടുണ്ട്. ശക്തിയുടെ ഭാഷയാതുമല്ലാതെ അതു് ബലഹീനതയുടെതുമല്ലെന്ന് വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുമായിരുന്നു.

—

## കാഷ്മീർ സ്ഥിതിഗതികൾ പരിപൂർണ്ണനിയന്ത്രണത്തിലാണെന്ന് നെഹ്രു

[പി. ടി. ഐ.] ന്യൂഡൽഹി മെ. 10

ഷേക്ക്നെ ബന്ധനത്തെത്തുടർന്നു് കാഷ്മീരിലെ സ്ഥിതിഗതികൾ 'പരിപൂർണ്ണനിയന്ത്രണത്തിലാണെന്നു് കാര്യാലയമന്ത്രി നന്ദ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

## ചന്ദ്രനിലേക്കു് റഷ്യൻ റോക്കറ്റ്

(റോയിട്ടർ) മോസ്കോ, മേ. 10

ഒരു ബഹുകോശറോക്കറ്റ് ചന്ദ്രനെ ലക്ഷ്യമാക്കി റഷ്യ തൊടുത്തുവിട്ടിരിക്കുന്നതായി ടാസ് വാർത്താ ഏജൻസി റിപ്പോർട്ടുചെയ്തിരിക്കുന്നു.

....o....

## ശങ്കരജയന്തി സമാപിച്ചു

(പി. ടി. ഐ.) ന്യൂഡൽഹി, മേ. 10

ശങ്കര അക്കാഡമിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട അഞ്ചുദിവസത്തെ ശങ്കരജയന്തി ആഘോഷങ്ങളും ഇന്നലെ സമാപിക്കുകയുണ്ടായി.

ശ്രീശങ്കരന്റെ തത്വശാസ്ത്രവും ജീവിതവും സംബന്ധിച്ചു ഇന്ത്യൻ പാരമ്പര്യത്തിൽ വിശ്വാസമുള്ള പ്രസിദ്ധ പണ്ഡിതന്മാരുടെ പ്രസംഗങ്ങളും പരിപാടികളിലുണ്ടായിരുന്നു.

....o....

## ഡാനിഷ് സഹായത്തോടെ വൻകിട വ്യവസായം ഉടൻ ആരംഭിക്കുന്നു

ന്യൂഡൽഹി, മേയ് 10

ഡാനിഷ് ഗവണ്മെന്റിന്റെ സഹകരണത്തോടെ വൻതോതിലുള്ള ഒരു കാർഷിക വ്യാവസായിക പ്രോജക്ട് ഉടൻ ആരംഭിക്കുന്നതാണ്.

## 300 പേർക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടില്ലെന്ന്

ശ്രീനഗർ, മേ. 10

മേയ് 6-ാംതീയതി മലയാള മനോരമയിൽ "പിടിച്ചുവിട്ട മലേറിയ സർവ്വേലൻസ് വർക്കേഴ്സിൽ എസ്. എസ്. എൽ. സി. പാസ്സാവാത്ത 74 പേരെ മാത്രമേ ഇനി മാറ്റം ജോലികളിൽ നിയമിക്കാനുള്ളൂ എന്നു് ഒരു ഗവ. വക്താവ് വ്യക്തമാക്കിയിരിക്കുന്നു." എന്ന തിരുവനന്തപുരം സ്വദേശം ലേഖകന്റെ ഒരു വാർത്ത കേരള മലേറിയ സർവ്വലൻസ് വർക്കേഴ്സ് അസോസിയേഷൻ ജനറൽ സിക്രട്ടറി ആയിരുന്ന ആളും അവരിൽ നിന്നും പുനർനിയമനം ലഭിച്ചവരുടെ സ്റ്റോറർ ഓർഗനൈസിങ്ങ് കാരറി കണ്ടിന്റിനായ പി. ഐ. ഐസക്ക് ഒരു പ്രസ്താവനയിലൂടെ നിഷേധിച്ചിരിക്കുന്നു.

സ്റ്റോറിൽ മലേറിയ സർവല

തൊഴിലാളി

ഫോട്ടോഗ്രാഫ് 90
ടെലഫോൺ 125

1965 മേയ് 11_ാംതീയതി ചൊവ്വ

## ഗ്രാമീണ ജനത

....o....

ഇൻഡ്യ ഒരു കാർഷികരാജ്യമാണ്. ഇവിടത്തെ ജനസംഖ്യയിൽ 80 ശതമാനവും കൃഷിക്കാർ തന്നെ. കൃഷിക്കാരായതുകൊണ്ട് അവരേറെയും ഗ്രാമങ്ങളിൽ താമസമുറപ്പിച്ചു. അപ്പോൾ ഇൻഡ്യയിലെ മുപ്പതിയൊമ്പതു കോടിയോളം ജനങ്ങളും ഗ്രാമീണരാണെന്നു സാരം.

രാഷ്ട്രത്തിന്റെ സാമ്പത്തികമായ ഭദ്രത ഗ്രാമീണരുടെ കയ്യിലാണ്. അവരാണ് ഇൻഡ്യക്ക് സമ്പത്ത് ഉണ്ടാക്കിക്കൊടുക്കുന്നത്. നിർഭാഗ്യവശാൽ സർക്കാർ ഏറ്റവും കൂടുതൽ അവഗണിക്കുന്നതും ബാഹ്യപ്രതിപക്ഷം വരുന്ന ഗ്രാമീണരെത്തന്നെയാണ്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? എന്തുകൊണ്ട് വേണ്ടപ്പെട്ടവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല? ഗ്രാമീണർ എന്തുകൊണ്ട് നിശ്ശബ്ദരായി പ്പോകുന്നു? സത്യത്തിൽ ഗ്രാമീണർ പലപ്പോഴും തങ്ങളുടെ കഴുത്തിൽ വച്ചുകെട്ടിയിരിക്കുന്ന ഭാരമേറിയ നുകം തള്ളിമാറ്റുവാൻ ശ്രമിച്ചിട്ടുണ്ട്; അതിനുവേണ്ടി നിലവിളി കൂട്ടിയിട്ടുണ്ട്; പക്ഷേ അവയ്ക്കൊന്നും സംഘടിതമായ രൂപം ഉണ്ടായില്ല. ഗ്രാമീണർ സംഘടിക്കുകയും കൊടിപിടിക്കുകയും ജാഥ നടത്തുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയും സ്തുതിഗ്രഹത്തിനു തയ്യാറാവുകയും ചെയ്താതിരുന്നതുകൊണ്ടാണ് അവരുടെ സംവേദനത്തെ സംശയിക്കണം.

ഗ്രാമങ്ങളുടെ മുഖച്ഛായ മാറിയാലേ രാജ്യത്തിന് സമൃദ്ധിയുണ്ടാവുകയുള്ളുവെന്ന സത്യം ഉള്ളിലടക്കിക്കൊണ്ട് ഉദ്ഘോഷിച്ചുകൊണ്ട് ഉദ്ഘോഷിച്ചുകൊണ്ട് നിസ്വാർത്ഥമായി വേല ചെയ്യുവാനും അങ്ങനെ ഗ്രാമീണജനതയെ ഉദ്ധരിക്കുവാനും രാഷ്ട്രീയ നേതാക്കളും സാമൂഹ്യപ്രവർത്തകരും ക്ഷേത്രസംഘടനകളും മുന്നോട്ടുവരണമെന്നാണ് ഞങ്ങളുടെ എളിയ അഭ്യർത്ഥന.

....o....

## റേഡിയോ

**മേയ് 11 ചൊവ്വ**
**തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, 454.5, 441.2, 517.2 മീറ്റർ**

കാലത്ത്

6_30 മംഗളവാദ്യം
6_35 പരിപാടി മുക്കം
6_40 വാർത്തകം ഇംഗ്ലീഷിൽ
6_45 ഉദയഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകം മലയാളത്തിൽ
7_45 ഗാനമാലിക
8_00 വാർത്തകം ഇംഗ്ലീഷിൽ
8_15 വാസ്തുട്
ഉച്ചതിരിഞ്ഞ്
12_30 പ്രാദേശികവാർത്തകം
12_35 പോലീസിൻറെവാദ്യമേളങ്ങൾ
1_05 ഗീതാവലി
1_20 വാർത്തകം മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകം ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥ
രാത്രി
5_30 തൊഴിലാളിമണ്ഡലം
6_00 പ്രാദേശിക പ്രവചനം
6_05 പ്രാദേശികവാർത്തകം
6_15 നാട്ടിൻപുറം
7_00 പുതിയ സാംസ്കാരികസങ്കലനം പി. കെ. ശരത്കുമാറിന്റെ മലയാളപ്രഭാഷണം
7_10 ചലച്ചിത്രഗാനങ്ങൾ
7_30 വാർത്തകം മലയാളത്തിൽ
7_45 ഗാനപൈങ്കിളി
7_50 വാസ്തുട്
9_00 വാർത്തകം ഇംഗ്ലീഷിൽ
9_15 കടംവാങ്ങൽ മരുകല (ഇംഗ്ലീഷ് പ്രഭാഷണം)
9_30 നല്ലുഖം[നാടകം]
9_45 അഷ്ടപതി
10_00 തരംഗങ്ങൾ
10_30 വാർത്തകം ഇംഗ്ലീഷിൽ
11_35 സമാപനം

## മറ്റു സ്റ്റോറുകളിൽ നല്കുന്ന ശമ്പളം തരണം
### നേഴ്സസ് അസോസിയേഷന്റെ അഭ്യർത്ഥന

തൃശ്ശൂർ, മേയ് 10

എന്തുതന്നെ നേഴ്സുമാരെ പരിശീലിപ്പിച്ചെടുത്താലും മറ്റു സ്റ്റോറുകളിൽ കിട്ടുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കാത്തിടത്തോളം കാലം കേരളത്തിൽ 25_50 കട്ടിലിനു് ഒരു നേഴ്സ് മാത്രമായി അവശേഷിക്കുകയും അങ്ങിനെ ചുരുങ്ങിയ വേതനവും വച്ചു ജോലി ഭാരവുമായി നേഴ്സുമാർ കഷ്ടപ്പെടുന്ന നില ഇനിയും തുടരുകയും ചെയ്യുമെന്നു തന്നെ കേരള ഗവണ്മെണ്ടു് നേഴ്സസ് അസോസിയേഷന്റെ തൃശ്ശൂർ ശാഖയുടെ ഒരു സാധാരണയോഗത്തിൽ ഡിസ്ട്രിക്ടിന്റെ നാനാഭാഗത്തുനിന്നുമായി വന്ന നേഴ്സുമാർ ആവലാതിപ്പെടുകയുണ്ടായി.

യോഗത്തിൽ നേഴ്സിങ്ങ് സൂപ്രണ്ടു് ശ്രീ. ലൂസി ബെഞ്ചമിൻ അദ്ധ്യക്ഷത വഹിച്ചു.

കൂടുതൽ നേഴ്സുമാരെ ആസ്പത്രികളിൽ നിയമിക്കുവാനും എല്ലാ ആസ്പത്രികളിലും കാഷ്വൽറ്റ്സ് നിർമ്മിക്കുവാനുമായി ഗവണ്മെണ്ടിനോടഭ്യർത്ഥിക്കുന്ന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി.

....

# കത്തോലിക്കരും കലകളും

(ശ്രീ. ഒ. ജോസഫ്, നെടുങ്കനം)

I

ഭൂമിയിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഒരു മാസികയുടെ കഴിഞ്ഞ ഡിസംബർ ലക്കത്തിൽ ശ്രീ. മാത്യു ഉലകംതറ എം. എ. "തനിത്ത കഥകൾ, ചൂടുള്ളപ്രശ്നം" എന്നൊരു ലേഖനം എഴുതിയിരുന്നു. "ഒരു മതത്തിനു ജനങ്ങളുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെയും ഭക്തിയുടെയും വേരോടി കൂണമെങ്കിൽ കലകളുടെ സഹായം ആവശ്യമാണെ"ന്നും, പക്ഷെ "നമ്മുടെ മതാദ്ധ്യക്ഷന്മാർക്ക കലയെന്നു കടലാസിൽ എഴുതിക്കാണുന്നതുപോലും വെറുപ്പാണെ"ന്നും, "ദേവാലയ പരിസരങ്ങളിൽ യാതൊരുവിധ കലാ പ്രകടനങ്ങളും പാടില്ലെന്ന് നിരോധനാജ്ഞകൾ ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു"വെന്നും, 'ദേവാലയ പരിസരങ്ങളിൽ പ്രയോഗിക്കാൻ കൊള്ളാവുന്ന കറേ കലാപരിപാടികൾ സംവിധാനം ചെയ്തിക്കണ"മെന്നും, "കത്തോലിക്കസമുദായത്തിലെ കലാകാരന്മാർക്കും ഉതകിയിട്ടുള്ളതു് ഇത്തരം വൈദിക വിദേഷികളുടെ സേവനമാണെന്നു ചരിത്രം തെളിയിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വൈദിക വിദേഷപ്രശ്നം അങ്ങു് മാറിവെച്ചിട്ട്, ശ്രീ ഉലകംതറയുടെ അഭിപ്രായത്തെ ഗുണദോഷവിവേചനം ചെയ്യുകയാണ് വേണ്ടതു്. കൊള്ളാത്ത അഭിപ്രായമാണെങ്കിൽ തള്ളിക്കളയുക.

ഈ വി. ചാക്കോ ഒരു കൃത്രിമയുക്തി അല്പാതിരിക്കട്ടെ, അദ്ദേഹത്തിന്റെ പോരിൽ പ്രകടിതമായിരിക്കുന്ന അഭിപ്രായങ്ങളെ അതിന്റെ മുഖവിലയ്ക്കു തന്നെ പരിഗണിക്കുവാനാണ് ഞാൻ ഉദ്യമിക്കുന്നതു്. ആളുവിലനോക്കി കല്ലു വില നിണ്ണയിക്കുന്നില്ലെന്നു ചുരുക്കം.

### വി. ജെ. ചെറിയാന്റെ ആത്മകഥയിൽനിന്നു്

ശ്രീ വി. ചാക്കോ ചോദിക്കുകയാണ് "നമ്മുടെ മതാദ്ധ്യക്ഷന്മാർക്ക് 'കല' എന്നു് കടലാസിൽ എഴുതിക്കാണുന്നതുപോലും വെറുപ്പാണ്. ലേഖകന്റെ ഈ അഭിപ്രായം സ്വയം തോന്നിയതോ മറ്റാരെങ്കിലും പറഞ്ഞു കൊടുത്തതോ? ഏതായാലും അദ്ദേഹത്തിനു് തൊറിപ്പോയി." തൊറിപ്പോയതു് ശ്രീ. ചാക്കോയ്ക്കാണ്. സ്വയം തോന്നിയതോ ആരെങ്കിലും പറഞ്ഞു കൊടുത്തതോ അല്ലാ, നേരിട്ട് അനുഭവിച്ചറിഞ്ഞതാണ് എന്നു പറയുവാൻ സാധിക്കും. കൈയിൽപ്പണ്ണിനു് കണ്ണാടി വേണമല്ലോ. ഒന്നരണ്ട് ഉദാഹരണങ്ങൾകൊണ്ട് ഞാനിതു് വിശദമാക്കാം. ആദ്യമേതന്നെ ആട്ടിസ്റ്റ് പി. ജെ. ചെറിയാന്റെ ആത്മകഥാ കഥനത്തിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കട്ടെ.

"കൈനീട്ടവും ദാശാഭിഷ്ടിതവും ധാമ്മികമൂല്യങ്ങളെ പരമാവധി സംരക്ഷിക്കുന്നതുമായ ഒരു നാടകപ്രസ്ഥാനത്തിന്റെ ആവശ്യകതയേയും അതുകൊണ്ടുള്ള പ്രയോജനത്തേയും അത്തരമൊരു പദ്ധതി സംവിധാനം ചെയ്യുവാനുള്ള എന്റെ സന്നദ്ധതയേയും ഏ.കെ.ജി. 1945_ൽതന്നെ കേരളത്തിലെ സകല വൈദികമേലധ്യക്ഷന്മാരേയും ഞാനൊരു നിവേദനം സമർപ്പിക്കുകയുണ്ടായി.....'എന്റെ ഈ വഴി വളഞ്ഞതാണെന്നു പിതാവിനു് തോന്നുന്നുണ്ടെങ്കിൽ എന്നെ നേർവഴിയിലാക്കി വേണ്ടവിധമെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനും, അതു ശ്രീ. ഉലകംതറയ്ക്കുള്ള ജ്ഞാനവൈജ്ഞാനം പോലെ പ്രയോജനകരമാകുന്നുണ്ടെങ്കിൽ അതിനും ഇടയില്ലാതെ....."

ഈ വി. ചാക്കോ ഒരു കൃത്രിമയുക്തി അല്പാതിരിക്കട്ടെ, അദ്ദേഹത്തിന്റെ പോരിൽ പ്രകടിതമായിരിക്കുന്ന അഭിപ്രായങ്ങളെ അതിന്റെ മുഖവിലയ്ക്കു തന്നെ പരിഗണിക്കുവാനാണ് ഞാൻ ഉദ്യമിക്കുന്നതു്. ആളുവിലനോക്കി കല്ലു വില നിണ്ണയിക്കുന്നില്ലെന്നു ചുരുക്കം.

### പി. ജെ. ചെറിയാന്റെ ആത്മകഥയിൽനിന്നു്

ശ്രീ വി. ചാക്കോ ചോദിക്കുകയാണ് "നമ്മുടെ മതാദ്ധ്യക്ഷന്മാർക്ക് 'കല' എന്നു് കടലാസിൽ എഴുതിക്കാണുന്നതുപോലും വെറുപ്പാണ്. ലേഖകന്റെ ഈ അഭിപ്രായം സ്വയം തോന്നിയതോ മറ്റാരെങ്കിലും പറഞ്ഞു കൊടുത്തതോ? ഏതായാലും അദ്ദേഹത്തിനു് തൊറിപ്പോയി." തൊറിപ്പോയതു് ശ്രീ. ചാക്കോയ്ക്കാണ്. സ്വയം തോന്നിയതോ മറ്റാരെങ്കിലും പറഞ്ഞു കൊടുത്തതോ അല്ലാ, നേരിട്ട് അനുഭവിച്ചറിഞ്ഞതാണ് എന്നു പറയുവാൻ സാധിക്കും. കൈയിൽപ്പണ്ണിനു് കണ്ണാടി വേണമല്ലോ. ഒന്നരണ്ട് ഉദാഹരണങ്ങൾകൊണ്ട് ഞാനിതു് വിശദമാക്കാം. ആദ്യമേതന്നെ ആട്ടിസ്റ്റ് പി. ജെ. ചെറിയാന്റെ ആത്മകഥാ കഥനത്തിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കട്ടെ.

"കൈനീട്ടവും ദാശാഭിഷ്ടിതവും ധാമ്മിക മൂല്യങ്ങളെ പരമാവധി സംരക്ഷിക്കുന്നതുമായ ഒരു നാടകപ്രസ്ഥാനത്തിന്റെ ആവശ്യകതയേയും അതുകൊണ്ടുള്ള പ്രയോജനത്തേയും അത്തരമൊരു പദ്ധതി സംവിധാനം ചെയ്യുവാനുള്ള എന്റെ സന്നദ്ധതയേയും ഏ.കെ.ജി. 1945_ൽതന്നെ കേരളത്തിലെ സകല വൈദികമേലധ്യക്ഷന്മാരേയും ഞാനൊരു നിവേദനം സമർപ്പിക്കുകയുണ്ടായി.....'എന്റെ ഈ വഴി വളഞ്ഞതാണെന്നു പിതാവിനു് തോന്നുന്നുണ്ടെങ്കിൽ എന്നെ നേർവഴിയിലാക്കി വേണ്ടവിധമെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനും, അതു ശ്രീ. ഉലകംതറയ്ക്കുള്ള ജ്ഞാനവൈജ്ഞാനം പോലെ പ്രയോജനകരമാകുന്നുണ്ടെങ്കിൽ അതിനും ഇടയില്ലാതെ....." (എന്റെ കലാജീവിതം, 153_156.)

### കത്തോലിക്കാ കോൺഗ്രസ്: വക്കീൽ കമ്മീഷന്റെ മെമ്മോറാണ്ടം

കലാസാഹിത്യങ്ങൾവഴി സഭാതല്പരുടെ സംരക്ഷിക്കുകയെന്നതാണല്ലോ ശ്രീ. കലാസാഹിത്യങ്ങളുടെ പ്രചാരണത്തിനും പ്രോത്സാഹനത്തിനും ഉതകുന്ന ചില പരിപാടികൾ ഉള്ളുക്കിക്കൊണ്ടുള്ള ഒരു മെമ്മോറാണ്ടം അഖില കേരള കത്തോലിക്കാ കോൺഗ്രസ് വക്കീൽ കമ്മീഷൻ 1954ൽ (?) കേരള കാത്തലിക് ബിഷപ്പ്സ് കോൺഫറൻസിനെ സമർപ്പിക്കുകയുണ്ടായി. അടിയന്തിരവും അനപേക്ഷണീയവുമെന്നു കത്തോലിക്കാ കോൺഗ്രസിനു തോന്നിയ ആ പരിപാടികൾ, അങ്ങനെയ എന്നെ വൈദികമേലധ്യക്ഷന്മാക്ക തോന്നിയില്ലെങ്കിൽ അവർ നടപ്പിൽ വരുത്തേണ്ടതാണ്. പക്ഷേ അത്തരമൊരു മെമ്മോറാണ്ടം സമർപ്പിച്ചിട്ട് അതു കിട്ടിയെന്നപോലും വാൻ

# ശാസ്ത്രി മുഖ്യമന്ത്രിമാരുമായി ചർച്ച നടത്തി

[പി ടി ഐ] ന്യൂഡൽഹി, മെയ് 8

**സംസ്ഥാനങ്ങളിലെ ക്രമസമാധാനനിലയെപ്പററി പ്രധാനമന്ത്രി ശാസ്ത്രി മുഖ്യമന്ത്രിമാരുമായി ഇന്നലെ രാത്രി 40-മിനുട്ടു നേരം ചർച്ചകൾ നടത്തുകയുണ്ടായി.**

മി. ജി. എൽ. നന്ദ, ടി. ടി. കൃഷ്ണമാചാരി, വൈ. ബി. ചാവൻ ഉൾപ്പെടെയുള്ള മിക്ക ക്യാബിനററ്മന്ത്രിമാരും ചർച്ചയിൽ പങ്കെടുത്തിരുന്നു.

നേഷണൽ ഡിഫൻസ് കൗൺസിൽ യോഗത്തിൽസംബന്ധിക്കുന്നതിന്നായിട്ടാണ് മുഖ്യമന്ത്രിമാർ ഇവിടെ എത്തിച്ചേർന്നത്.

തങ്ങളുടെ സംസ്ഥാനങ്ങളിലെ നിയമസമാധാനത്തിന്റെ നിലയെപ്പററി മുഖ്യമന്ത്രിമാർ യോഗത്തിൽ വിലയിരുത്തുകയുണ്ടായെന്നറിയുന്നു.

സമാധാനത്തിന്നുവേണ്ടിയുള്ള ഇന്ത്യയുടെ അഭിലാഷം വ്യക്തമാക്കപ്പെട്ടിട്ടും കുഴപ്പം വ്യാപിക്കുകയാണെങ്കിൽ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം നിലനിർത്തുന്നതിന്നായി ഫലപ്രദമായ നടപടികൾ ഗവൺമെണ്ട് എടുക്കുമെന്ന് പ്രധാനമന്ത്രി ശാസ്ത്രി അസന്നിഗ്ദ്ധമായി പറഞ്ഞു. ഈ വെല്ലുവിളി നേരിടുന്നതിന്ന് നാം തീർത്തും തയ്യാറാവേണ്ടതുണ്ട്.

കുഴപ്പങ്ങൾ നാം ക്ഷണിച്ചുവരുത്തുകയില്ല. എന്നാൽ അതു വന്നുപെടുകയാണെങ്കിൽ ആത്മവിശ്വാസത്തോടും സുധീരമായും അതു നേരിടേണ്ടതുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

....

## ധവാനും ബ്രി: ഹൈക്കമ്മീഷണറും തമ്മിൽ ചർച്ച

(പി. ടി. ഐ) ന്യൂഡൽഹി, മേയ് 8

റാൺ കാഛ് കച്ചിൽ വെടിനിർത്തുന്നതു സംബന്ധിച്ച ബ്രിട്ടന്റെ നിർദ്ദേശത്തെപ്പററി ഇന്ത്യയുടെ വിദേശകാര്യ സിക്രട്ടറി മി. സി. എസ്. ധവായും ബ്രി: ഹൈക്കമ്മീഷണർ മി: ജോൺഫ്രീമാനും തമ്മിൽ ഇന്നലെ ചർച്ചകൾ നടക്കുകയുണ്ടായി.

.....

## മണ്ണെണ്ണയ്ക്കും തീപ്പെട്ടിയ്ക്കും പഞ്ചസാരക്കും എക്സൈസ്ഡ്യൂട്ടി കറയ്ക്കില്ല

[പി. ടി. ഐ] ന്യൂഡൽഹി മേ. 9

വിലയും ഉൽപാദനവും സംബന്ധിച്ച ഇന്നത്തെ സാഹചര്യത്തിൽ മണ്ണെണ്ണ, തീപ്പെട്ടി, പഞ്ചസാര എന്നിവയുടെ എക്സൈസ് ഡ്യൂട്ടി കറയ്ക്കുവാൻ സാധ്യമല്ലെന്ന് ധനകാര്യവകുപ്പിലെ മന്ത്രി മി. ബി. ആർ. ഭഗത് ഇന്ന് രാജ്യസഭയിൽ പറഞ്ഞു. അങ്ങനെ കറക്കുന്നതിന്റെ ഫലം റവന്യൂവിൽ കാര്യമായ നഷ്ടം വരുത്തുവാൻ മാത്രമെ സഹായിക്കൂ. ചെറുകിട ഉപഭോക്താക്കൾക്ക് ആ മെച്ചം കിട്ടുവാൻ സാധ്യതയില്ലെന്നു മന്ത്രി പറഞ്ഞു.

ലോക്സഭ അംഗീകരിച്ചനിലയിൽ ധനകാര്യബില്ല് അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ ഇനങ്ങളിന്മേൽ ഏതാനും ആശ്വാസങ്ങൾ നൽകുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് ഗവമ്മെണ്ട് ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. മണ്ണെണ്ണയെ സംബന്ധിച്ചേടത്തോളം വളരെ പ്രധാനമായ ഒരു ഭാഗം ഇപ്പോഴും ഇറക്കുമതിചെയ്യുകയാണ്. അതിനാൽ എന്തെങ്കിലും ആശ്വാസം ഈ ഇനത്തിന്ന് നല്ലാൻ സാധിക്കുകയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

....

## നന്ദയുടെ നിലപാടിൽ അവകാശലംഘനമില്ല

[പി. ടി. ഐ.] ന്യൂഡൽഹി മേ. 8

തടവിൽകഴിയുന്ന ഇടതുപക്ഷ കമ്യൂണിസ്റ്റുകളിൽനിന്നും ലഭിച്ചിരിക്കുന്ന ഏതാനും നിവേദനങ്ങൾ സഭയിൽ കൊണ്ടുവരുന്നില്ലെന്ന അഭ്യന്തരമന്ത്രി നന്ദയുടെ നിലപാടിൽ പ്രഥമദൃഷ്ട്യാ അവകാശലംഘനത്തിന്റെ ഒരു കേസുമില്ലെന്ന് ചെയർമാൻ ഡോ. സക്കീർഹുസൈൻ രാജ്യസഭയിൽ റൂൾ ചെയ്തിരിക്കുന്നു.

ഭൂപേശ്ഗുപ്തയാണ് ഇന്നലെ ഈ പ്രശ്നം സഭയിൽ ഉന്നയിച്ചത്. നന്ദ, മി ഗുപ്തയുടെ ആരോപണം നിഷേധിച്ചു.

....

## വഞ്ചിയിലിരുന്നു വച്ച് നോക്കാൻ കൈവെച്ചു കക്ഷ തിരുന്ന സ്വർണ്ണപ്പെട്ടി പുഴയിൽ വീണു

പുന്നോൽ, മേ. 7

ഇന്നലെ ഉച്ചക്ക് മുപ്പത്തഞ്ച് പവനോളം വരുന്ന സ്വർണ്ണാഭരണങ്ങളുമായി വരികയായിരുന്ന ഒരാളുടെ കയ്യിൽനിന്നു അബദ്ധത്തിൽ സ്വർണ്ണാഭരണങ്ങളടങ്ങിയ ഒരു പെട്ടി മയ്യഴിപ്പുഴയിൽ വീണുപോയിരിക്കുന്നു. ആഭരണങ്ങൾ കിടാരന്റെ വീട എന്നവീട്ടിലേക്കു കൊണ്ടുവരികയായിരുന്നുവത്രെ. ഇടത്തെ കക്ഷത്തിൽ സ്വർണ്ണാഭരണപ്പെട്ടിയുള്ളആളോട് ഒരാൾ സമയം ചോദിച്ചപ്പോൾ വാച്ച് നോക്കുന്ന അവസരത്തിൽ പെട്ടി ഊരി പുഴയിൽ വീണതാണത്രെ! മൂന്നു മണിക്കൂർനേരം വിദഗ്ദ്ധരായ പലരും മുങ്ങിത്തപ്പിയെങ്കിലും ആഭരണം ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. തിരച്ചിൽ നാളെയാവിലെ വീണ്ടും തുടരുന്നതാണ്. സംഭവമറിഞ്ഞ വലിയ ജനക്കൂട്ടം പാലത്തിന്നു പുറം തിങ്ങിക്കൂടുകയുണ്ടായി. (സ്വ. ലേ)

.......

## മൈസൂറിൽ കോളറ 3 ആഴ്ച ഹോട്ടലുകൾ അടച്ചിടാൻ ഗവ: ഉത്തരവ്

മൈസൂർ, മേ. 6

കോളറാമൂലം, മൈസൂർ പട്ടണത്തിലെ എല്ലാ ഭക്ഷണശാലകളും മൂന്നാഴ്ചത്തേക്കടച്ചിടുവാൻ ഗവണ്മെന്റുത്തരവായിരിക്കുന്നു. കഴിഞ്ഞമൂന്നാഴ്ചയായി ഹോട്ടലുകളെല്ലാം അടച്ചിട്ടിരിക്കയായിരുന്നു. ഭക്ഷണസാധനങ്ങളും, ഐസ്ക്രീം, സോഡാ തുടങ്ങിയ സാധനങ്ങളും പൊതുസ്ഥലങ്ങളിൽ വിൽപ്പന നടത്തിക്കൂടാ എന്നാണു ഉത്തരവ്.

## അമേ: മത്സ്യപ്രോട്ടീൻ പരിപാടി പോഷകാഹാരം ലഭിക്കാത്തവർക്ക് ഒരനുഗ്രഹം

വാഷിംഗ്ടൺ, മേ. 9

മത്സ്യപ്രോട്ടീൻ സത്തുകൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അമേരിക്ക കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ് എന്നും, പോഷകാഹാരം ലഭിക്കാത്ത അനേക കോടിയാളുകളുടെ ഭക്ഷണം മെച്ചപ്പെടുത്താൻ ഇതു സഹായിക്കുമെന്നും അഭ്യന്തര സെക്രട്ടറി സ്ററീവർട്ട് എൽ. ഉഡാൾ പ്രസ്താവിച്ചു. ലോകത്തിലെ ജനസംഖ്യയിൽ പകുതിപ്പേർ പട്ടിണിക്കാരും 50 കോടിയിൽ പരമാളുകൾ പ്രോട്ടീന്റെ അഭാവം മൂലം പോഷണം കുറഞ്ഞ ആഹാരം കഴിക്കുന്നവരായുമുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നതായി അദ്ദേഹംപറഞ്ഞു.

"ഉപയോഗപ്പെടുത്താവുന്ന വമ്പിച്ച സമുദ്രവിഭവസമ്പത്ത് കൊണ്ട്, ലോകത്തിലെ വലിയ ഭാഗങ്ങളിലെ അടിയന്തിരാവശ്യങ്ങൾ നിവൃത്തിക്കാൻ ഈ പുതിയ സാങ്കേതികവിദ്യ സഹായിക്കും" എന്ന് ഉത്തര അമേരിക്കൻ ഫിഷറീസ് കോൺഫറൻസിൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

...

## ആലപ്പുഴ വാർത്തകൾ

[സ്വ. ലേ] മേയ് 8

മുതുകുളം ബ്ലോക്ക് വികസനസമിതിയുടെ അടുത്ത യോഗം മേയ് 15-ാം തിയതി ഉച്ചതിരിഞ്ഞ 3 മണിക്കു ബ്ലോക്ക് ഹെഡ്ക്വാട്ടേഴ്സിൽവെച്ച് ചേരുന്നതാണെന്ന് ബി. ഡി. ഒ. അറിയിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളെപ്പറ്റി യോഗം ചർച്ചചെയ്യുന്നതായിരിക്കും.

### കുട്ടികളുടെ പാർക്ക്

കടക്കരപ്പള്ളി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ പാർക്കിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, മതിൽകെട്ടുക മുതലായ ചിലവുകൾക്കായി ബ്ലോക്ക് ഫണ്ടിൽനിന്നും 1000 രൂപാ നൽകുന്നതിനുള്ള ഒരു സ്കീം പട്ടണക്കാട് ബി. ഡി. ഒ. അംഗീകരിച്ചിരിക്കുന്നു.

### കോഴി വളർത്തലിന് 80000 രൂപ വായ്പ നല്കുന്നു

ആലപ്പുഴ ജില്ലയിൽ കോഴി വളർത്തു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും, സഹകരണ സംഘങ്ങൾക്കും, കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നതിന്നായി 1965-66 സാമ്പത്തികവർഷത്തേയ്ക്കു മൊത്തം 80,000 രൂപാ അനുവദിച്ചിട്ടുള്ളതായി ജില്ലാ വെറ്ററിനറി ആഫീസർ അറിയിക്കുന്നു. ഇതിൽ 40,000 രൂപാ കൃഷി പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതിപ്രകാരം തക്കതായ ഈടിന്മേൽ വ്യക്തികൾക്ക് വായ്പ നൽകുന്നതിനുള്ളതാണ്. ഈ പരിപാടിയനുസരിച്ചുള്ള വായ്പത്തുകകൾ 5000 രൂപാ 10,000 രൂപാ എന്ന് നിശ്ചയിച്ചിരിക്കും. ശേഷിച്ച 40,000 രൂപാ 5 ശതമാനം പലിശനിരക്കിൽ വ്യക്തികൾക്കും നാലരശതമാനം പലിശനിരക്കിൽ സഹകരണസംഘങ്ങൾക്കും വായ്പയായി നൽകും, വായ്പ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളും അപേക്ഷാഫാറങ്ങളുടെ മാതൃകകളും അതാതു സ്ഥലത്തെ ബ്ലോക്ക് ആഫീസ്സിൽ നിന്നും, വെറ്ററിനറി സർജ്ജന്റെ ആഫീസ്സിൽനിന്നോ ലഭിക്കുന്നതാണ്. വായ്പകൾക്കുള്ള അപേക്ഷകൾ വേണ്ട പ്രമാണങ്ങൾ സഹിതം, അതാതു സ്ഥലത്തെ ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസ്സറുടെ ശുപാർശ സഹിതം ജില്ലാ വെറ്ററിനറി ആഫീസ്സിൽ കിട്ടേണ്ട അവസാനതീയതി ജൂൺ 10 ആണ്.

....

## അമേരിക്കയുടെ "മാരിനർ 4" ജൂലൈ 14ന് അതു ചൊവ്വായെ കടന്നുപോകും

വാഷിംഗ്ടൺ, മേ. 9

"മാരിനർ-4" എന്ന അമേരിക്കൻ ശൂന്യാകാശവാഹനം ചൊവ്വാഗ്രഹത്തെ ലക്ഷ്യമാക്കി ദിവസം 10 ലക്ഷം മൈൽ വീതം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്ന് അമേരിക്കൻ ദേശീയ വ്യോമയാനശൂന്യാകാശ ഭരണസ്ഥാപനം (നാസാ) പ്രസ്താവിച്ചു.

ചൊവ്വാഗ്രഹത്തെ ലക്ഷ്യമാക്കി സോവ്യററ റഷ്യ വിക്ഷേപിച്ച "സോണ്ട് 2" എന്ന ശൂന്യാകാശവാഹനം പരാജയപ്പെട്ടതായി ഒരു സോവ്യററ് ഭൗതിക ശാസ്ത്രജ്ഞൻ നേരത്തെ വെളിപ്പെടുത്തുകയുണ്ടായി. "സോണ്ട് 2"-ൽ നിന്നുള്ള പ്രക്ഷേപണങ്ങൾ നിലച്ചു എന്നും അതിനെ സജീവമാക്കാൻ തങ്ങൾക്കു കഴിഞ്ഞില്ലെന്നും ഡോ. ഗെന്നാഡി സ്കുറിഡിൻ പ്രസ്താവിച്ചു. ഷിക്കാഗോയിൽ നടന്നുവരുന്ന ഒരു ശൂന്യാകാശപര്യവേക്ഷണ കോൺഫറൻസിൽ സംബന്ധിക്കുന്ന ആറംഗ റഷ്യൻ പ്രതിനിധിസംഘത്തിന്റെ നേതാവാണദ്ദേഹം.

റേഡിയോസമ്പർക്കമില്ലാതെ സോവ്യററ് ശൂന്യാകാശവാഹനത്തിലെ ഉപകരണങ്ങൾ നിഷ്പ്രയോജനമാണ്. 1961നുശേഷം ചൊവ്വായും ശുക്രനും ലക്ഷ്യമാക്കി സോവ്യററുകൾ നടത്തിയ പത്തോളം വിക്ഷേപണങ്ങൾ പരാജയപ്പെട്ടതിൽ അവർക്ക് പലപ്പോഴും നേരിടേണ്ടി വന്നിട്ടുള്ള പ്രശ്നം വാർത്താവിനിമയം സംബന്ധിച്ചതായിരുന്നു.

അമേരിക്കയുടെ "മാരിനർ", ശാസ്ത്രവും എഞ്ചിനീയറിംഗും സംബന്ധിച്ച വിവരങ്ങൾ ഭൂമിയിലേക്ക് അയച്ചുകൊണ്ടിരിക്കുന്നുണ്ട്. ബഹുദൂരം വാർത്താ വിനിമയത്തിൽ അതു റെക്കോർഡുകൾ സൃഷ്ടിച്ചുകൊള്ളിരിക്കുന്നതായും 'നാസ' പ്രസ്താവിച്ചു.

വ്യാഴാഴ്ചയായപ്പോഴേക്കും 'മാരിനർ' ഭൂമിയിൽനിന്ന് ഒരു നേർവരയിൽ 7.2 കോടി മൈൽ അകലെയെത്തി. എന്നാൽ, ചൊവ്വായിലേക്ക് സൂര്യനെ പകുതിവഴി ചുററിയുള്ള ദീർഘവക്രപഥത്തിൽക്കൂടി അതു ഇതിനകം 24.3 കോടി മൈൽ സഞ്ചരിച്ചു കഴിഞ്ഞു.

"മാരിനർ" ശൂന്യാകാശവാഹനത്തിൽ ഒരു ടെലിവിഷൻ ക്യാമറയുണ്ട്. ജൂലൈ 14-ാംനു അതു ചൊവ്വായെ കടന്നുപോകുമ്പോൾ ആ ഗ്രഹത്തിന്റെഅടുത്തുനിന്നുള്ള 22 ചിത്രങ്ങൾ ഈ ക്യാമറ എടുക്കുന്നതാണ്. എല്ലാം ഭംഗിയായി നടക്കുന്നപക്ഷം 'മാരിനർ 4' ആയിരിക്കും ലോകത്തിൽ ആദ്യമായി ചൊവ്വാഗ്രഹത്തിന്റെ പര്യവേക്ഷണം വിജയകരമായി നടത്തുന്ന ആദ്യത്തെ ശൂന്യാകാശവാഹനം.

....

# സമ്പത്ത് വർദ്ധിച്ചെങ്കിലും ജനങ്ങൾ ദരിദ്രർ

—കാമരാജ്

(പി. ടി. ഐ)

പുതുശ്ശേരി, മേ. 9

*സ്വാതന്ത്ര്യത്തിന്നുശേഷം രാഷ്ട്രത്തിന്റെ സമ്പത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ജനങ്ങൾ ദരിദ്രരായി തന്നെ കഴിയുകയാണെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മി. കെ. കാമരാജ് ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.*

ആളുകളുടെ സമുദായത്തിൽ ഒരു മാററം അത്യന്താപേക്ഷിതമാണ് വിതരണത്തിൽ ക്രമീകരണം നടത്തിക്കൊണ്ടു നാലാംപദ്ധതിക്കാലത്തു ജനാധിപത്യ സോഷ്യലിസത്തിലൂടെ ഒരു മാററം കൈ വരുന്നതിന്നായി ഗവമ്മെണ്ട് ശ്രമിച്ചുവരികയാണെന്നും മി. കാമരാജ് പറഞ്ഞു.

വമ്പിച്ച ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു മി. ശാസ്ത്രി. ജനാധിപത്യ സോഷ്യലിസമെന്ന ആശയം പുതിയ കന്നല്ല. 25 വർഷങ്ങൾക്ക് മുമ്പു കറാച്ചി കോൺഗ്രസ് സമ്മേളനത്തിൽവെച്ച് ദിവംഗതനായ നെഹ്റുവിന്റെ നേതൃത്വത്തിൽ കോൺഗ്രസ് നേതാക്കന്മാർ ഇതുസംബന്ധിച്ച ഒരു പ്രമേയം പാസ്സാക്കുകയുണ്ടായെന്ന് അദ്ദേഹം പറഞ്ഞു. ഈ ലക്ഷ്യം നേടുന്നതിന്നു സഹകരിക്കുവാൻ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

....

## തിരുവനന്തപുരത്തെ ഹോട്ടലുകാർ ഹർത്താൽ നിർത്തിവെച്ചു

[പി. ടി. ഐ] തിരുവനന്തപുരം, മേ. 8

അരിവിതരണത്തിലുള്ള അപര്യാപ്തതയിൽ പ്രതിഷേധിക്കുന്നതിന്നായി തിരുവനന്തപുരത്തെ ഹോട്ടലുകളും റസ്റ്റാറൻറുകളും അടുത്ത തിങ്കളാഴ്ച നടത്തണമെന്നു നിശ്ചയിച്ചിരുന്ന ഹർത്താലും ചൊവ്വാഴ്ച മുതൽ ഊൺവിഭാഗം അടച്ചിടണമെന്ന തീരുമാനവും നീട്ടിവെച്ചിരിക്കുന്നതായി തിരുവനന്തപുരം ഹോട്ടൽ-റസ്റ്റാറൻറ് ഓണേഴ്സ് അസോസിയേഷന്റെ ഒരു വക്താവ് അറിയിച്ചിരിക്കുന്നു. ഏപ്രിൽ 18-ാംനു-ക്ക് മുമ്പുണ്ടായിരുന്ന അരിയുടെ ക്വാട്ട അതേ വിധത്തിൽതന്നെ താല്ക്കാലികമായി ഹോട്ടലുകൾക്കു വിതരണം ചെയ്യാമെന്ന അധികാരപ്പെട്ടവരുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തതെന്നും ഈ വക്താവ് പറഞ്ഞു. മേയ് 13-ാംനു- കിട്ടുന്ന ഭക്ഷ്യോപദേശസമിതിയോഗത്തിൽ ഈ പ്രശ്നം ചർച്ചചെയ്തു കരവസാനതീരുമാനമെടുക്കാമെന്നു അധികൃതർ തങ്ങളെ അറിയിച്ചിട്ടുള്ളതായും ഈ വക്താവു പറഞ്ഞു.

—

## കായൽപുറം വി. യൗസേപ്പിന്റെ തിരുനാൾ

പുളിംകുന്ന്, മേ. 7

ഒരു വ്യാഴവട്ടകാലത്തിനിടയിൽ വളരെ കൂടുതൽ പ്രസിദ്ധമായിതീർന്ന ഒരു ദേവാലയമാണ് പുളിംകുന്ന് കായൽപുറം പള്ളി ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ പൊതുജനശ്രദ്ധയെ ഇത്രമാത്രം ആകർഷിച്ച മറ്റൊരു ആരാധനാകേന്ദ്രം സമീപപ്രദേശത്തുണ്ടോ എന്നു സംശയമാണ്. ഇവിടത്തെ തിരുനാൾ ഈസ്റ്ററിന്റെ രണ്ടാം ഞായറാഴ്ച കൊടിയേറി മൂന്നാം ഞായറാഴ്ച അവസാനിക്കുന്നതാണ്. ആലപ്പുഴ എറണാകുളം, ചങ്ങനാശ്ശേരി, കൊല്ലം എന്നീ പ്രദേശങ്ങളിൽനിന്നുപോലും ധാരാളം ഭക്തജനങ്ങൾ ഇവിടെ തിരുന്നാളിൽ എല്ലാകൊല്ലവും വന്നുചേരും. കേരളത്തിന്റെ നെല്ലറയെന്നറിയപ്പെടുന്ന കുട്ടനാടിന്റെ കനകംവിളയിക്കുന്ന ശ്രീമൂലം കായലിന്റെ സമീപത്താണ് കായൽപുറം വി. യൗസേപ്പ് പിതാവിന്റെ ദേവാലയം സ്ഥിതിചെയ്യുന്നത്.

—

## ഗവ. രഹസ്യങ്ങൾ പരസ്യമാവുന്നു പത്രക്കാരെക്കൊണ്ടു മടുത്തുവെന്നു ശാസ്ത്രി

[പി ടി ഐ] ന്യൂഡൽഹി, മെ 8

ഗവ. പ്രവർത്തനങ്ങളുടെ രഹസ്യസ്വഭാവത്തിൽ അയവുവരുത്തണമെന്നു പ്രധാനമന്ത്രി ശാസ്ത്രി ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു. പ്രത്യേകിച്ചും ഇക്കാലത്ത്, എല്ലാ വിവരങ്ങളും പത്രങ്ങൾ കൈക്കലാക്കുന്നതുകൊണ്ടാണ് ഇതിന്റെ ആവശ്യം ഉത്ഭവിച്ചിട്ടുള്ളതെന്ന് ശാസ്ത്രി പറഞ്ഞു. 'പരമരഹസ്യ'മെന്ന് ഉന്നതോദ്യോഗസ്ഥന്മാർ എഴുതിവെച്ചിട്ടുള്ള ഫയലുകൾപോലും പത്രക്കാരുടെ കയ്യിൽ കിട്ടുന്നു. പത്രലേഖകർ അങ്ങേയററം കാര്യക്ഷമതയുള്ളവരും സൂത്രശാലികളുമായിത്തീർന്നിട്ടുണ്ട്. സ്വന്തമായോ ഗവർമ്മെണ്ട് ഏജൻസികളിൽനിന്നോ ലഭിക്കുന്ന എന്തു വിവരവും അവർ ഉപയോഗപ്പെടുത്തുന്നതു ഏതു പരിധിവരെ ശരിയാണെന്ന് തനിക്കറിഞ്ഞുകൂടെങ്കിലും അവർ തീർച്ചയായുംവിവേകപൂർവ്വം പ്രവർത്തിക്കേണ്ടതുണ്ടെന്ന് ശാസ്ത്രി ചൂണ്ടിക്കാട്ടി.

....o....

## ആനവണ്ടി ഇടിച്ച് കാളവണ്ടി തകർന്നു

ചങ്ങനാശേരി, മെ. 8

ഇന്നലെ ഉച്ചയ്ക്കു 12 മണിയോടുകൂടി കവലയിൽ പഴയ ട്രാൻസ്പോർട്ടു ബസ്സ്സ്റ്റാണ്ടിന് സമീപത്തു വെച്ചു ഒരു ട്രാൻസ്പോർട്ട് ബസ്സ് (ടി. 169) തെക്കുനിന്നും വന്നിരുന്ന ഒരു കാളവണ്ടി ഇടിച്ചുതകർക്കുകയുണ്ടായി. കാളവണ്ടിയിൽ നിറയെ വീട്ടുസമാനങ്ങളായിരുന്നു. കാളവണ്ടി അതിന്റെ സൈഡ് പൂർണ്ണമായുംഉപയോഗിച്ചാണ് മുന്നോട്ടു നീങ്ങികൊണ്ടിരുന്നതെന്നു പറയപ്പെടുന്നു. വടക്കുനിന്നും വന്ന ഈ ബസ്സ് നിറുത്തി ആളെ ഇറക്കി മുന്നോട്ടു അതിവേഗത്തിൽ ഓടിച്ചു നീങ്ങിയപ്പോഴാണ് ഈ അത്യാഹിതം സംഭവിച്ചതത്രെ. ബസ്സ് കാളവണ്ടിയിൽ ഇടിച്ചതിനെ തുടർന്ന് കാളവണ്ടിക്കാരൻ തെറിച്ചു റോഡിൽ വീണു അയാളുടെ പുറത്തു ഒരു കാളയും തെറിച്ചു വീഴുകയുമുണ്ടായി. അവശതനിലയിലായ കാളവണ്ടിക്കാരനെ ഉടനെ നാട്ടുകാർ ചങ്ങനാശേരി ഗവ: ആശുപത്രിയിലാക്കി. കാളവണ്ടി ബസ്സിന്റെ ഇടികൊണ്ടു മറിഞ്ഞതു ഒരു മുറക്കാൻ കടയിലേയ്ക്കായിരുന്നു. ആ കടയിലുണ്ടായിരുന്ന ഏതാനും മിഠായി ഭരണികളും ബീഡി പെട്ടിയും ഒരു ട്യൂബ്ബൾബും തകന്നു പോയി ആളപകടം സംഭവിച്ചില്ല.

കവലയിൽ ആൾ ബഹളമുള്ള ഈ സ്ഥലത്തുവെച്ചു ഇങ്ങനെ ഒരപകടം ഉണ്ടായതു ദൈവവശാൽ ആളപായംകൂടാതെ കഴിഞ്ഞെന്നു സംഭവസ്ഥലം കാണുന്ന ആർക്കും മനസ്സിലാകും. ഈ അപകടം മൂലം കാളകൾക്കു സാരമായപരുക്കുകൾഏറ്റിട്ടുണ്ട്. ആറ കുഞ്ഞുങ്ങളും ഉൾപ്പെടെയുള്ള ഒരു കുടുംബത്തിന്റെ ഉപജീവനമാർഗ്ഗമാണ് ഇന്നലെ തകർന്നകാളവണ്ടിയും കാളകളും. കുടുംബനായകനായ കാളവണ്ടിക്കാരൻ ആശുപത്രിയിലായതോടുകൂടി പാവപ്പെട്ട ആ കുടുംബം നിരാലംബമായിരിക്കുകയാണ്.

ചങ്ങനാശേരി പോലീസ് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിച്ചു. (സ്വ. ലേ)

# ആക്രമണം അധികകാലം വിലപ്പോകില്ലെന്ന് ഓർമ്മവേണം

## പാക്കിസ്ഥാനോട് പ്രധാനമന്ത്രി ശാസ്ത്രി

(പി. ടി. ഐ.) ന്യൂഡൽഹി, മേ 7

**ആക്രമണം ദീർഘകാലത്തേയ്ക്കു വിലപ്പോകില്ലെന്നു പാക്കിസ്ഥാൻ മനസ്സിലാക്കണമെന്നു പ്രധാനമന്ത്രി ശാസ്ത്രി പ്രസ്താവിച്ചിരിക്കുന്നു.**

ഇന്നിവിടെ സമ്മേളിച്ച നാഷണൽ ഡിഫൻസ്കൗൺസിൽ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാഷ്ട്രത്തിന്റെ അഖണ്ഡതയും സ്വാതന്ത്ര്യവും സംരക്ഷിക്കുവാൻ നാം പ്രതിജ്ഞ ചെയ്തിരിക്കുകയാണെന്നും ശാസ്ത്രി പറഞ്ഞു.

ഇരു രാഷ്ട്രങ്ങളും തമ്മിൽ സംഘർഷം നിലനിർത്തുന്നതിന്നുവേണ്ടി പാക്കിസ്ഥാൻ കരുതിക്കൂട്ടി സൃഷ്ടിതാണ് ഇപ്പോഴത്തെ കച്ച് കുഴപ്പമെന്നും അദ്ദേഹം പ്രസ്താവിച്ചു. ഇക്കഴിഞ്ഞ കാലങ്ങളിലായി, കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ പാക്കിസ്ഥാൻ അതിർത്തി നഴഞ്ഞുകയററം നടത്തിക്കൊണ്ടിരിക്കുകയാണ്. 2 രാജ്യങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വീണ്ടും വിഷം കലർത്തുന്നതിന്നായാണ് അവർ ഇപ്പോഴും കരുതിക്കൂട്ടി കച്ചിൽ ആക്രമണം നടത്തിയിരിക്കുന്നു.

കച്ച് യുദ്ധത്തിൽ സമർത്ഥമായി പ്രവർത്തിച്ചതിന്ന് സൈന്യത്തേയും അതിർത്തി പോലീസിനേയും പ്രധാനമന്ത്രി കീർത്തിച്ചു.

സാഹചര്യത്തിനൊത്തു വളരെ നന്നായി പട്ടാളം പ്രവർത്തിച്ചുവെന്നു ആഭ്യന്തരകാര്യ മന്ത്രി മി, നന്ദ പ്രസ്താവിച്ചു.

ഭൂപടത്തിന്റെ സഹായത്തോടെ കച്ചിലെ സ്ഥിതിഗതികൾ സൈനികമേധാവി ജനറൽ ജെ. എൻ. ചൌധുരി വിശദീകരിച്ചു. അവിടത്തെ യുദ്ധതന്ത്രത്തിന്റെ സൈദ്ധാന്തിക വശവും ഇയ്യിടെ ഉണ്ടായ യുദ്ധത്തിലെ ചില അനിഷ്ട സംഭവങ്ങളുടെ പശ്ചാത്തലവും അദ്ദേഹം വിവരിക്കുകയുണ്ടായി.

....o....

## പത്രാധിപക്കുള്ളകത്തു്

### എക്സിബിഷൻ ഗ്രൌണ്ടിലെ 'സ്കിൽ ഗെയിംസ്'

സർ,

തൃശ്ശൂർ പൂരം എക്സിബിഷനിൽ 'സ്കിൽ ഗെയിംസ്' എന്ന പേരിൽ ഒരു കൃത്രിമചൂതാട്ടകമ്പനി നടത്തിവരുന്നുണ്ട്. ടി കമ്പനിയിലെ കോൺട്രാക്ടർമാർ നടത്തിവരുന്ന കൃത്രിമങ്ങളെ ചൂണ്ടികാണിച്ചു 'തൃശ്ശൂർ ഡെപ്യൂട്ടി സൂപ്രണ്ടു് ഓഫ് പോലീസ്സ്' അവർകൾ മുമ്പാകെ അപേക്ഷ സമർപ്പിച്ചതിന്നു തുടർന്ന് അന്വേഷണം നടത്തുവാൻ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന സകല കൃത്രിമങ്ങളും കമ്പനി കോൺട്രാക്ടർമാർ കണ്ണും പ്രദർശിപ്പിക്കാതെ മറച്ചു വെക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ടി കമ്പനി കോൺട്രാക്ടർമാർ പ്രദർശനസമയത്തു ചെയ്യുന്ന കൃത്രിമങ്ങൾക്കുപുറമെ, അസമയങ്ങളിൽ പ്രദർശന ടിക്കററും, ഗെയിററ്പാസ്സും കൂടാതെ പിൻഭാഗത്തുള്ള ഗെയിററിൽകൂടി ആളുകളെ പ്രദർശനഹാളിലുള്ള ടി കമ്പനിയിലെ കൃത്രിമചൂതാട്ടങ്ങളിൽ പ്രവേശിപ്പിച്ചുവരുന്നുണ്ട്. വേണ്ടപ്പെട്ടവർ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

തൃശ്ശൂർ 8-5-'65 എന്നു ഒരു അനുഭവസ്ഥൻ

—

## തെങ്ങിൻതൈ വിതരണം

ചമ്പക്കുളം മേയ് 6

സൗജന്യ നിരക്കിൽ തെങ്ങിൻതൈകൾ ആവശ്യമുള്ളവർ എണ്ണം കന്നിന് 50 പൈസ നിരക്കിൽ മേയ് 15-ാം തിയതിയ്ക്കകം നെടുമുടി ഗ്രാമസേവക് ആഫീസി (കനാൽ ജട്ടിക്കു സമീപം) ൽ അപേക്ഷിക്കേണ്ടതാണെന്നു ഗ്രാമസേവകൻ അറിയിക്കുന്നു. (സ്വ. ലേ)

## പാലക്കാട്ട് വാർത്തകൾ

[സ്വ. ലേ.] മേ. 8

പാലക്കാട്ടു ജില്ലയിൽ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് വിവിധ ജനവിഭാഗങ്ങൾക്കായി 1964-65ലേക്ക് വകയിരുത്തിയിരുന്ന തുക മിക്കവാറും മുഴുവനും ചിലവുചെയ്തു കഴിഞ്ഞിരിക്കുന്നു. താഴ്ന്ന വരുമാനക്കാർക്ക് വീടുണ്ടാക്കാൻ 103500ക.യേ വകയിരുത്തിയിരുന്നുള്ളവെങ്കിലും 110350കചിലവാക്കി 27 പുതിയ വീടുകൾ കെട്ടാനാണ് റിപ്പോർട്ടുവർഷത്തിൽ അനുമതി നൽകിയിരിക്കുന്നത്. 20 അപേക്ഷകൾ പരിഗണനയിലിരിക്കുന്നു. സഹകരണ ഭവനനിർമ്മാണ പരിപാടിയനുസരിച്ച് 25 വീടുകൾ കെട്ടി. തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണത്തിനു വകകൊള്ളിച്ച 23000കയും, ചെറുകിട വരുമാനക്കാർക്കുള്ള 34420കയും പൂർണ്ണമായും ചിലവഴിക്കുകയുണ്ടായി. വില്ലേജ് ഹൗസിങ്ങ് പ്രോജക്ട് സ്കീം അനുസരിച്ച് 69177ക. വകയിരുത്തിയതിൽ 68255ക. ചിലവായി. 92 വീടുകൾ ഈ പദ്ധതിയിൻ കീഴിൽ നിർമ്മാണത്തിലിരിക്കുന്നു.

### ബ്ലോക്ക് വികസന സമിതി

പെരിന്തൽമണ്ണ ബ്ലോക്ക വികസന സമിതിയുടെ ഒരു യോഗം മേയ് 11-ാംതീയതി ഉച്ചതിരിഞ്ഞ് 2 മണിക്ക് ചേരുന്നതാണ്.

### പെരിന്തൽമണ്ണ ബ്ലോക്കിന്റെ പുരോഗതി

പെരിന്തൽമണ്ണ ബ്ലോക്കിൽ വിവിധ വികസന മേഖലകളിലായി ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 195 465 ക. ചിലവഴിച്ചിരിക്കുന്നു. പൊതുജനങ്ങളിൽനിന്നും പണം അദ്ധ്വാനം, സാധനങ്ങൾ എന്നീ രൂപത്തിൽ പിരിച്ചുണ്ടാക്കിയതു 29886ക. വരും. 184030ക മാത്രമേ ചിലവു ചെയ്യാനുദ്ദേശിച്ചിരുന്നുള്ളവെങ്കിലും കഴിഞ്ഞ രണ്ടു വർഷങ്ങളിലെപ്പോലെ 1964 65ലും വകയിരുത്തിയതിൽ കൂടുതൽ ചിലവഴിയ്ക്കുയാണുണ്ടായതു്.

....o....

### മണ്ണെണ്ണയ്ക്കു വില തീപിടിച്ചു കയറുന്നു

പറപ്പൂക്കര, മെ. 8

പറപ്പൂക്കര, തൊട്ടിപ്പാൾ, മുത്തിക്കര, നന്തിക്കര, മുതലായ സ്ഥലങ്ങളിൽമണ്ണെണ്ണയ്ക്കു കടുത്തക്ഷാമം നേരിട്ടിരിക്കുന്നു. ഇന്നലെ മണ്ണെണ്ണ വാങ്ങാൻ വന്ന മിക്ക ആളുകളും മടങ്ങിപ്പോകുകയാണ് ഉണ്ടായതു. ചില സ്ഥലങ്ങളിൽവില്പനനടത്തുന്നതുതന്നെവല്ലാത്ത തട്ടിപ്പോടെയാണ് വൻകിട കച്ചവടക്കാർ വിലകൂടാൻ മണ്ണെണ്ണ പൂഴ്ത്തിവെച്ചിരിക്കുകയാണെന്നും പറഞ്ഞു കേൾക്കുന്നു.

....o....

## കാശ്മീർപതാകയ്ക്കുപകരം ഇന്ത്യൻ ദേശീയ പതാക

ന്യൂഡൽഹി, മേ. 9

ജമ്മു കാശ്മീരിൽ [illegible]

## അടുത്തകൊല്ലം ഹംഫ്രി അമേ: പ്രസിഡണ്ടായിരിക്കും

### ജോൺസൺ സ്ഥാനമൊഴിയുമെന്ന് യൂസഫ്

ന്യൂഡൽഹി, മെയ് 9

**പ്രസിഡണ്ട് ജോൺസൺ അടുത്ത വർഷം 'ആരോഗ്യപരമായ കാരണങ്ങളാൽ' പ്രസിഡണ്ട് സ്ഥാനത്തുനിന്നും വിരമിക്കമെന്നും, ഇപ്പോഴത്തെ വൈസ് പ്രസിഡണ്ട് മി. ഹ്യൂബർട്ട് ഹംഫ്രി തൽസ്ഥാനത്തു പ്രസിഡണ്ടാകുമെന്നും അമൃതബസാർ പത്രികയുടെ ലണ്ടൻ ലേഖകൻ മി. സുന്ദർ കബാഡി പ്രസ്തുത പത്രത്തിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു.**

മാറിസ് യൂസഫ് എന്ന സുപ്രസിദ്ധ പാശ്ചാത്യ ജ്യോതിശാസ്ത്രജ്ഞൻ പാശ്ചാത്യ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രവചനത്തെ ആധാരമാക്കിയാണ് മി. സുന്ദർ കബാഡി പ്രസ്തുത റിപ്പോർട്ടയച്ചിട്ടുള്ളതു്.

ക്രൂഷേവിന്റെ സ്ഥാനഭ്രംശം കെന്നഡിയുടെ അകാലചരമം മുതലായവ കാലേക്കൂട്ടി പത്രങ്ങളിൽ പ്രസിദ്ധം ചെയ്ത യാളാണത്രെ മി. യൂസഫ്.

ആരോഗ്യപരമായ കാരണങ്ങളാൽ വിരമിക്കാൻ നിർബ്ബന്ധിതനായി എന്നു മി. ജോൺസൺ പുറത്തു പറയുമെങ്കിലും യഥാർത്ഥ കാരണം അതായിരിക്കയില്ലെന്നും ഡെമോക്രാററിക് പാർട്ടിയിൽ തന്നെയുള്ള സമ്മർദ്ദമായിരിക്കും ജോൺസൺ പുറത്തുപോകാനിടയാക്കുകെന്നും യൂസഫ് പ്രവചിക്കുന്നു.

അമേരിക്കയുടെ വിദേശനയം അമേരിക്കയെ സഖ്യരാജ്യങ്ങളിൽനിന്നും ഒററപ്പെടുത്തുന്നുണ്ടെന്നും വിദേശനയത്തിൽ മൗലികമായ മാററം വരുത്തുന്നതിനോ, സ്വന്തം പ്രവർത്തനങ്ങൾ വിമർശന വിധേയമാക്കുന്നതിനൊ തയ്യാറില്ലാത്ത ജോൺസന്റെ നിലപാട് അമേരിക്കയ്ക്കു ദൂഷ്യം ചെയ്യുന്നുവെന്നും ഡെമോക്രാററിക് നേതാക്കന്മാർ കരുതുന്നു. ജോൺസന്റെയത്ര ഉറച്ച മനസ്സ്യനല്ലാത്ത ഹംഫ്രിയെ പ്രസിഡണ്ടാക്കിയാൽ അദ്ദേഹത്തെ സ്വേച്ഛാനുസാരം പാവയാക്കാമെന്നുമാണത്രെ ഡെമോക്രാററിക് നേതൃത്വം കരുതുന്നതു്.

മി. ലിണ്ടൻ ജോൺസൺ മുമ്പൊരിക്കൽ കഠിനമായ ഹൃദ്രോഗബാധയ്ക്കു വിധേയനായിട്ടുണ്ട്.

മി. യൂസഫ് തന്റെ പ്രവചനം ഇങ്ങനെയാണ് സമാപിപ്പിക്കുന്നതു്.

'ഞാൻ പറയുന്നതുകേട്ടു നിങ്ങൾ ചിരിച്ചുകൊള്ളൂ. ഞാനതു കാര്യമാക്കുന്നില്ല, പക്ഷെ ഒരു കാര്യം ഞാൻ നിങ്ങൾക്കു ഉറപ്പുതരാം. 1966-ൽ മി. ലിണ്ടൻ ജോൺസൺ അമേരിക്കയുടെ പ്രസിഡണ്ടായിരിക്കയില്ല. ഹംഫ്രി ആ സ്ഥാനത്തുണ്ടായിരിക്കയും ചെയ്യും'.

(അമൃതബസാർ പത്രിക)

.......

## ശാസ്ത്രി കെയ്റോ സന്ദർശിക്കും

(റോ) കെയ്റോ, മേ 9

ഒരു ദിവസത്തെ സന്ദർശനാർത്ഥം ഇന്ത്യൻ പ്രധാനമന്ത്രി മി. ശാസ്ത്രി ജൂൺ 9-ാംനു- കെയ്റോയിലെത്തുന്നതാണ്. ഐക്യ അറബി റിപ്പബ്ലിക്കൻ നേതാക്കന്മാരുമായി സംഭാഷണം നടത്തിയശേഷം അദ്ദേഹം ഔദ്യോഗിക സന്ദർശനാർത്ഥം കനഡയിലേക്കു പോകുന്നതായിരിക്കും.

....

## കോളത്തിൽ വിദ്യുച്ഛക്തിയ്ക്കു 30 കോടി ക. വേണമെന്നു

തിരുവനന്തപുരം, മേയ് 10

വിദ്യുച്ഛക്തി ഉല്പാദനവികസനത്തിന് നടപ്പുവർഷത്തേയ്ക്കു (1965-66) കുറഞ്ഞതു മുപ്പതുകോടി രൂപായെങ്കിലും ലഭ്യമാക്കണമെന്ന കേരളാസ്റ്റേററ് ഇലക്ട്രിസിററി ബോർഡ് കേന്ദ്രഗവണ്മെന്റിനോടു ആവശ്യപ്പെട്ടിരിക്കുന്നു.

.......

എന്ന ഇപ്പോഴത്തെരീതിമാററി ഇന്ത്യൻ ദേശീയ പതാക ഉടൻ തന്നെ നടപ്പിലാക്കുന്നതാണെന്നറിയുന്നു. ജൂലൈയിൽ നടക്കുന്ന സംസ്ഥാനസമ്മേളനത്തിൽ [illegible] അറിയുന്നു. ഇതുസംബന്ധിച്ച് കഴിഞ്ഞ സമ്മേളനത്തിൽ നിയമോപദേശം [illegible] അംഗീകരിച്ചു കഴിഞ്ഞിരിക്കയാണ്.

സദർ-ഇ-റിയാസത്തു് എന്നതിനു പകരം ഗവർണ്ണർ എന്നും പ്രധാനമന്ത്രി എന്നതിനുപകരം മുഖ്യമന്ത്രി എന്നും പേരുകൾ മാററിയശേഷം കാശ്മീർ പതാകയ്ക്കുപകരം ഇന്ത്യൻ പതാകയും അംഗീകരിക്കുന്നതോടെ കാശ്മീരിന്റെ ഇന്ത്യയുമായുള്ള ലയനം കൂടുതൽ യഥാർത്ഥ്യമായിത്തീരുമെന്നതിനു സംശയമില്ല.

സുപ്രീം കോടതിയുടെയും എലക്ഷൻ കമ്മീഷന്റെയും അധികാരപരിധിയും ഭരണഘടനയുടെ 356, 357 എന്നീ വകുപ്പുകളും ഇപ്പോൾതന്നെ കാശ്മീരിലേക്ക വ്യാപിപ്പിച്ചിട്ടുണ്ട്. ഭരണഘടനാപരമായ ഗവമെന്റ ഇല്ലാതെവരുന്ന ഘട്ടങ്ങളിൽ പ്രസിഡണ്ടുഭരണം ഏർപ്പെടുത്താൻ അധികാരപ്പെടുത്തുന്നവയാണ് മേല്പറഞ്ഞവകുപ്പുകൾ.

.... (യു പി എസ്)

## നെഹ്റുവിന്റെ 1-ാം ചരമവർഷികദിനം പൊതുയോഗങ്ങൾനടത്തി ആചരിക്കണമെന്നു അബ്രഹാം

(പി. ടി. ഐ) എറണാകുളം മേ. 9

ജവഹർലാൽ നെഹ്റുവിന്റെ പ്രഥമ ചരമവാർഷികദിനമായ മേയ് 27-ാംനു- പൊതുയോഗങ്ങളും സംഘടിപ്പിച്ച് ദിവംഗതനായ നേതാവിന്റെ ആദർശങ്ങളും നയങ്ങളും പരിപാടികളും ജനങ്ങൾക്ക വിശദീകരിച്ചുകൊടുക്കുവാൻ കെ. പി. സി സി. പ്രസിഡണ്ട് ശ്രീ. കെ. സി. അബ്രഹാം പൊതുജനങ്ങളോടു് പൊതുവേയും കോൺഗ്രസ് പ്രവർത്തകരോടു് പ്രത്യേകിച്ചും അഭ്യർത്ഥിച്ചിരിക്കുന്നു.

നെഹ്റു സ്മാരകനിധിയിലേക്ക കയ്യയച്ചു സംഭാവനചെയ്യുവാൻ അദ്ദേഹം ജനങ്ങളോടു് അഭ്യർത്ഥിച്ചു. മേയ് 21-ാം തൽ 27-ാം തിയതികളിൽ ഫണ്ടു പിരിവുവാരമായി ആചരിക്കുവാൻ നെഹ്റു മെമ്മോറിയൽ ഫണ്ടുകമ്മററി തീരുമാനിച്ചിട്ടുണ്ട്.

—

## വേളുത്തമ്പി ദളവയുടെ 200-ാമതു ജന്മദിന ആഘോഷങ്ങൾ ഇന്നു് മുതൽ ആരംഭിക്കുന്നു

തിരുവനന്തപുരം, മേയ് 10

വേലുത്തമ്പിദളവയുടെ 200-ാമതു ജന്മദിനം സംബന്ധിച്ചുള്ള ആഘോഷങ്ങൾ 1965 മേയ് 11-ാംനു- മുതൽ 5 ദിവസം നടത്തപ്പെടുന്നതാണ്. 11-ാം തീയതി തലക്കുളത്തും, 12, 13 തീയതികളിൽ തിരുവനന്തപുരത്തും, 14-ാംനു- കണ്ണമൂലയിലും 15-ാംനു- മണ്ണടിയിലും ആണു് സമ്മേളനങ്ങൾ നടത്തപ്പെടുന്നതു്. പല പ്രമുഖ വ്യക്തികളും ഈ സമ്മേളനങ്ങളിൽ സംബന്ധിക്കും. വിവിധ കലാപരിപാടികളും നടത്തപ്പെടുന്നതാണ്.

....o...


# പ്രതിരോധവും



# വികസനവും



# രാഷ്ട്രത്തിന്റെ മുഷ്ടിദ്വയം

ഇന്ത്യയെ കവചമണിയിക്കുന്നതിനുള്ള മുന്നണിയിൽ സ്റ്റീൽ മുഖ്യസ്ഥാനം വഹിക്കുന്നു. [illegible]

ഇന്നത്തെ അവസ്ഥയനുസരിച്ച് [illegible]



പരമാതി യുമായി മുമ്പോട്ട്

ഇന്ത്യയുടെ പ്രതിരോധത്തെ കരുത്തുററതാക്കുവിൻ



# ചന്ദ്രിക

ഔഷധസോപ്പ്

സൗന്ദര്യത്തെ വർദ്ധിപ്പിക്കുകയും, ചർമ്മരോഗങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു

# 66 ജനുവരിയിൽ ഉൽപാദനമാരംഭിക്കും

## കൊച്ചി ഓയിൽ റിഫൈനറിയെപ്പറ്റി അധികൃതവക്താവ്—പ്രതിവർഷം 35 ലക്ഷം ടൺ പെട്രോളിയം ഉൽപന്നങ്ങളുണ്ടാകുമെന്നു്

തിരുവനന്തപുരം, മേയ് 10

**എറണാകുളത്തിനു് 10 മൈൽ തെക്കു കിഴക്കു് അമ്പലമുകളിനടുത്തു് മലമുകളിൽ തയ്യാറായിവരുന്ന കൊച്ചിൻ ഓയിൽ റിഫൈനറിയിൽ പ്രതിദിനം 50000 മുതൽ 75000 വീപ്പകളിലെ ഇറാനിയൻ ക്രൂഡ് ഓയൽ ശുദ്ധിചെയ്തു് വർഷംതോറും 2½ ലക്ഷം മുതൽ 35 ലക്ഷം ടൺ പെട്രോളിയം ഉൽപന്നങ്ങളും ഉണ്ടാക്കുന്നതായിരിക്കും**

1966ൽ 170 ലക്ഷം ടൺ പെട്രോളിയം ഉൽപന്നങ്ങളും ആവശ്യമായി വരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ഭാരതത്തിനു് 150 ലക്ഷം ടൺ പെട്രോളിയം ഉൽപന്നങ്ങളും ശുദ്ധിചെയ്യാനെ കഴിവുള്ളു. ബാക്കി ഇറക്കുമതി ചെയ്യുകയാണു്. കൊച്ചിയിലെ എണ്ണ ശുദ്ധീകരണശാല ഉൽപാദനം ആരംഭിക്കുന്നതോടെ ഇന്നത്തെ പോരായ്മ പരിഹരിക്കപ്പെടും. അതോടൊപ്പം ഗണ്യമായ തോതിൽ വിദേശനാണ്യം സമ്പാദിക്കാൻ സഹായിക്കുകയും ചെയ്യും

അമ്പലമുകളിനടുത്തു് ഉയർന്നുവരുന്ന മുന്നു എണ്ണശേഖരണ ടാങ്കുകളും ഭാരതത്തിൽ മറ്റൊരിടത്തുമില്ലാത്ത വലിപ്പത്തിലുള്ളവയാണു്. 200 അടിവീതം വ്യാസമുള്ള ഈ ടാങ്കുകളിൽ ആറരിപതിനായിരം ലക്ഷത്തിൽപരം ഗ്യാലൻ എണ്ണ കൊള്ളും.

1963 സെപ്തംബറിൽ ആരംഭിച്ച പണികളും പുരോഗമിച്ച വരുകയാണു്. മുഖ്യത്തിനായ പ്രധാന ടാങ്കുകളും നിർമ്മിക്കാനുള്ളവയിൽ പന്ത്രണ്ടു് എണ്ണത്തിന്റെ പണികളും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ടു്. 1966 ജനുവരിയിൽ ഉൽപാദനമാരംഭിക്കുമെന്നാണു് റിഫൈനറി അധികൃതർ കേരള പ്രസ്സിനോടു് പ്രസ്താവിച്ചതു്.

....o....

# തൃശൂർ ഡി. ഡി.സി. മേയ് 15-നു് യോഗം ചേരുന്നു

തൃശൂർ മേയ് 10

തൃശൂർ ജില്ലാ വികസനസമിതി മേയ് 15-ാംതിയതി ശനിയാഴ്ച കാലത്തു് 11 മണിക്കു് കലക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽവെച്ചു് യോഗം ചേരുന്നതാണു്.

—

## കത്തോലിക്കാ കോൺഗ്രസ്: എറണാകുളം അതിരൂപതാസംഘം

എറണാകുളം, മേയ് 10

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് എറണാകുളം അതിരൂപതാ സംഘത്തിന്റെ പൊതുയോഗം 1965 മേയ് 15-നു ശനിയാഴ്ച പകൽ 3-30നു് എറണാകുളം മെത്രാപ്പോലീത്തൻ പള്ളി മേടയിൽവച്ചു് താഴെ കൊടുത്തിരിക്കുന്ന പരിപാടിയനുസരിച്ചു് കൂടുന്നതാണു്.

വാഷിംഗ്ടൺ കണക്കും അംഗീകരിക്കൽ, ഉദ്യോഗാരോഹികളുടേയും കുമാരി അംഗങ്ങളുടേയും തിരഞ്ഞെടുപ്പു്, പ്രസിഡണ്ടു് അനുവദിക്കുന്ന മറ്റു കാര്യങ്ങളും എന്നിവ പരിപാടികളിൽ പെടുന്നു.

.....

# വർണ്ണശബളിമയാർന്ന തൃശൂർപൂരം

## വെടിക്കെട്ടപകടത്തിൽ ഇരുപത്തിമൂന്നു് പേർക്കു് പരിക്കു്

*(സ്വന്തം ലേഖകൻ)* തൃശൂർ, മേയ് 10

*പശ്ചിമാകാശത്തു് വർണ്ണപ്പൊലിമ കലർത്തിയ അസ്മദനാക്കിന്റെ പൊങ്കതിരുകൾ പ്രഭാപൂരം പരത്തിനിന്നപ്പോൾ, വടക്കുന്നാഥക്ഷേത്രത്തിന്റെ തെക്കേ ഗോപുരനടയിൽ പാറമേക്കാവ്—തിരുവമ്പാടി പൂരങ്ങൾ ആനപ്പുറത്തു് പട്ടകടകം മാറിക്കൊണ്ടു് ഒരു സ്വർഗ്ഗസുന്ദര്യപ്പൊലിമയിയറി. അങ്ങനെ തൃശൂർപട്ടണം വീണ്ടുമൊരിക്കൽ സ്വിറ്റ്സ്വർഗ്ഗസുന്ദരദൃശ്യത്തിന്റെ നൃത്യഭംഗി ർശിച്ചു.*

ഇന്നലെ രാവിലെമുതൽ തൃശൂർപട്ടണത്തിലേക്കു് നാടിന്റെ നാനാഭാഗത്തുനിന്നുമായി സഹസ്രക്കണക്കിനു് ആളുകൾ ഒഴുകിക്കൊണ്ടിരുന്നു. വേഷഭൂഷാദികളിലും നയനമനോഹാരിത ഓളം തല്ലിനിന്നു. എല്ലാ ഹൃദയങ്ങളും, എല്ലാ മിഴികളും വടക്കുന്നാഥക്ഷേത്രസന്നിധിയിലേക്കു് നീങ്ങി, കുതുമപ്പുറം പരന്നതി, സൂര്യൻ പടിഞ്ഞാറോട്ടൊഴുകിയിറങ്ങിയപ്പോഴാം തേക്കിൻകാടു് മൈതാനവും പരിസരവും മഴവിൽവണ്ണത്തിലാടാടിനിന്നു.

വാദ്യഘോഷങ്ങളുടെ പ്രപഞ്ചനാദം പരന്നു നിന്ന ലക്ഷങ്ങളുടെ ആഹ്ലാദത്തിമിർപ്പിന്റെ മുഖരിതയാൽ അലതല്ലിത്തുമർന്നു. എല്ലാ മതക്കാരും, എല്ലാ ജാതിക്കാരും, മിക്ക ഭാഷകളും ഇന്നയ്യന്തൂരിൽ ഇണങ്ങിച്ചേർന്നു. പൂരംകാണൻ വിണ്ണവരും തിക്കത്തിൽ പൂക്ഷണം നടത്താൻ പ്ലാനിട്ടവരും, കച്ചവടക്കാരും, മുച്ചീട്ടുകളിക്കാരും എല്ലാം ഈ സംഗീതികതലസ്ഥാനത്തു് ഇന്നലെ താവളം കണ്ടെത്തി.

എല്ലാ വർഷത്തേയുംകാൾ ഇത്തവണ വലിയ ജനക്കൂട്ടമുണ്ടായിരുന്നു. പകൽപൂരത്തിൽ പടിഞ്ഞാറെ നടയിൽ എഴുന്നള്ളിച്ചു് നിരത്തിയിരുന്ന ഒരാനക്കൽത്തറ വീണതൊഴികെ യാതൊരു പ്രത്യേക സംഭവവും പകലുണ്ടായില്ല.

തൃശൂർ പൂരത്തിനു് കടമാറാത്തെക്കാഠം ഹൃദയാകർഷകദൃശ്യമണു് പുലർച്ചെ ആരംഭിക്കുന്ന വെടിക്കെട്ടു്. മൂന്നമണിക്കാരംഭിച്ച വെടിക്കെട്ടു് മൂന്നമണിക്കൂർ നീണ്ടുനിന്നു. വെടിക്കെട്ടപകടംമൂലം 23 പേർക്കു് പരിക്കുപറകയുണ്ടായി. ഒരമിട്ടിന്റെ മൂന്നാമത്തെ നില പൊട്ടാത്തെ, റൌണ്ടിലുള്ള കൊച്ചൻ ഹോട്ടലിന്റെ മുന്നിൽകൂടി നിന്ന ജനക്കൂട്ടത്തിന്നിടയിൽ വന്നു് വീണു് പൊട്ടിയതിനെത്തുടർന്നാണു് പരിക്കുപറ്റിയതു്. ആസ്പത്രിയിൽ പ്രവേശിപ്പിച്ചവരിൽ പത്തുപേരെ പ്രഥമ ശുശ്രൂഷക്കുശേഷം നിട്ടയച്ചു. ആസ്പത്രിയിലുള്ളവരിൽ സി. എൽ. രാമ (ഇരിഞ്ഞാലക്കുട) പി. എസ്. വാസുദേവൻ (കാട്ടൂർ) തട്ടാൻ പരമൻ [അഞ്ചാലിപ്പുറം] എം. എസ്. ഗോവിന്ദനാചാരി [ചങ്ങനാശ്ശേരി—നെടുങ്കന്നം] എന്നീ നാലുപേരുടെ പരിക്കുകളും ഗുരുതരമാണു്. പൊട്ടിവീണകരിമരുന്നിന്റെ തീപ്പൊരിയേറ്റാണു് ഇവർക്കു് പരിക്കുപറ്റിയതു്.

.....

# മിലിട്ടറി ആശുപത്രികളിൽ നഴ്സിംഗ് പരിശീലനം

ന്യൂഡൽഹി മേ. 10

ഡൽഹി, ലക്നൗ, ജലന്ധർ എന്നിവിടങ്ങളിലെ മിലിട്ടറി ആശുപത്രികളിലും ബോംബെയിലെ എ. എൻ. എച്ചു്. എസ്. അശുപത്രിയിലും സൈക്കന്ദറാബാദിലെ വ്യോമസേനാ ആശുപത്രിയിലും പ്രൊബേഷണർ നഴ്സുകളായി മുന്നുവർഷത്തെ പരിശീലനം നേടുന്നതിനു് 17-ം 19-ം വയസ്സിനിടയ്ക്കുള്ള സ്ത്രീകളിൽനിന്നു് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

അപേക്ഷകർ മെട്രിക്കുലേഷൻ, ഹയർ സെക്കണ്ടറി, സീനിയർ കേമ്പ്രിഡ്ജ് എന്നീ പരീക്ഷകളിലേതെങ്കിലും അഥവാ തത്തുല്യമായ മറേതെങ്കിലും പരീക്ഷ പാസ്സായിരിക്കണം. അവർ അവിവാഹിതരോ വിവാഹമോചനം നേടിയവരോ കുട്ടികളില്ലാത്ത വിധവകളോ ആയിരിക്കേണ്ടതുമാണു്.

സൗജന്യ താമസസൗകര്യം, ഭക്ഷണം, യൂണിഫോറം അലവൻസ്, യാത്രാസൗജന്യങ്ങൾ എന്നിവയ്ക്കു പുറമേ പരിശീലനകാലത്തു് മാസം 30-5-40 രൂ. നിരക്കിൽ സ്റ്റൈപ്പൻഡും നൽകപ്പെടും. പരിശീലനം പൂർത്തിയാക്കിയതിനുശേഷം മൂന്നുവർഷമെങ്കിലും മിലിട്ടറി നഴ്സിംഗ് സർവ്വീസിൽ സേവനമനുഷ്ഠിക്കാമെന്നു് കരാർ എഴുതിക്കൊടുക്കേണ്ടതാണു്.

അപേക്ഷാഫോറങ്ങളും മറ്റു വിശദവിവരങ്ങളും മുകളിൽ പറഞ്ഞ ആശുപത്രികളുടെ കമാണ്ടിംഗ് ആഫീസർമാരിൽനിന്ന സമ്പാദിക്കാം. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30 ആണു്.

....

# 64-65 ൽ ലഘുസമ്പാദ്യപദ്ധതിയിൽ 126 കോടി രൂപ പിരിഞ്ഞു

ന്യൂഡൽഹി, മേ 10

താത്കാലിക കണക്കുകളനുസരിച്ചു് 1964-65-ൽ ലഘുസമ്പാദ്യങ്ങളായി 126 കോടി രൂ. പിരിഞ്ഞെടുക്കുകയുണ്ടായി. മുൻവർഷം ഇതു് 128.31 കോടിരൂപ ആയിരുന്നു. ആധിക്യംചൊല്ലുന്നതിനുശേഷമുള്ള അവസാനകണക്കെടുപ്പു തയ്യാറാക്കുമ്പോൾ 1964-65 ലെ പിരിവു് മുൻവർഷത്തെ തുകയെക്കാളായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

കഴിഞ്ഞകൊല്ലവും ലഘുസമ്പാദ്യപിരിവിൽ കന്യാസ്ഥാനം, 28.74 കോടി രൂ. ശേഖരിച്ചു് മഹാരാഷ്ട്രസംസ്ഥാനത്തിനുതന്നെ. 20.86 കോടി രൂ. പിരിച്ച പശ്ചിമബംഗാളിനാണു് അടുത്ത സ്ഥാനം. മൂന്നും നാലും സ്ഥാനങ്ങളും ഉത്തരപ്രദേശിനും ബീഹാറിനുമാണു് യഥാക്രമം 16.14 കോടി രൂയും 10.74 കോടി രൂയും.

1964 65 അവസാനം 1.1 കോടിയിലധികം പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളും ഉണ്ടായിരുന്നുവെന്നും അവയിലെ മൊത്തം നിക്ഷേപം, പലിശയുൾപ്പെടെ, 557.61 കോടി രൂ. ആയിരുന്നെന്നും കണക്കാക്കപ്പെടുന്നു. 26 ലക്ഷി സഞ്ചിതകാല നിക്ഷേപങ്ങളുണ്ടുകളിലായി തപാലാപ്പീസുകളും മാസംതോറും ഒരു കോടി രൂ. പിരിച്ചെടുത്തിരുന്നു. ശമ്പളസമ്പാദ്യസംഘങ്ങളിലെ അംഗങ്ങളുടെ സംഖ്യ റിപ്പോർട്ട്കാലത്തു് ഒന്നരലക്ഷം കണ്ടു വർധിച്ചു രണ്ടരലക്ഷത്തോളം ആകുകയുണ്ടായി.

....

# രമേനിയൻ പ്രസിഡണ്ടിന്റെ കൃതജ്ഞത

ന്യൂഡൽഹി, മേ. 10

രമേനിയൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതിൽ അഭിനന്ദിച്ചുകൊണ്ടു് അയച്ചിരുന്ന സന്ദേശത്തിനു് മി. കിവു സ്റ്റോയ്ക്ക രാഷ്ട്രപതി ഡോ. രാധാകൃഷ്ണനോടു് കൃതജ്ഞതപ്രകാശിപ്പിച്ചിരിക്കുന്നു. ഇന്ത്യയ്ക്കും രമേനിയക്കുമിടയിൽ നിലവിലുള്ള അടുത്ത സൗഹാർദ്ദബന്ധങ്ങളും ഭാവിയിൽ കൂടുതൽ ശക്തിപ്രാപിക്കുമെന്ന പ്രത്യാശ അദ്ദേഹം മറുപടിസന്ദേശത്തിൽ പ്രകടിപ്പിച്ചിട്ടുണ്ടു്.

—

# ശബരിഗിരി പണിമുടക്കു പിൻവലിച്ചു

കോട്ടയം, മെ. 9

ശബരിഗിരി പ്രോജക്ടിന്റെ കോൺട്രാക്ടറും തൊഴിലാളികളും തമ്മിലുണ്ടായിരുന്ന തൊഴിൽത്തർക്കം അവസാനിക്കുകയും തൊഴിലാളികൾ അവരുടെ പണിമുടക്കു് പിൻവലിക്കുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ഏപ്രിൽ 29-ാം തീയതി മുതലാണു് തൊഴിലാളികൾ പണിമുടക്കാരംഭിച്ചതു്. മെയ് 7-ാം തീയതി രാത്രി പണിമുടക്കു പിൻവലിച്ചു. (സ്വ. ലേ)

## സ്ഥൈര്യലേപനം നല്കി

കളത്തുവയൽ, മേ. 7

കളത്തുവയൽ ഫൊറോനാപള്ളിയിൽ കഴിഞ്ഞദിവസം തലശ്ശേരി ബിഷപ്പു് റൈറ്റ് റവ. ഡോ: സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി ഫൊന്തിഫിക്കൽ കർബാന അർപ്പിച്ചു. തുടർന്നു് കുട്ടനവധി കുട്ടികൾക്കു് സ്ഥൈര്യലേപനംനൽകി. ആദ്യകർബാനസ്വീകരണം നടത്തിയ കുട്ടികൾക്കു് ഒരു കാപ്പി സൽക്കാരവും ഉണ്ടായിരുന്നു.

പെരുക്കി കയ്യിലിട്ടു തിരുമ്മിയതിന്റെ ഫലമായി പരിക്കപറ്റിയ ഒരു ഗുമസ്തനും ആസ്പത്രിയിലുണ്ടു്. ഇതുസംബന്ധിച്ചു് കോഴിക്കോടു് സ്വദേശികളായ കണ്ടൻകാളി, മാധവൻ് എന്നിവരുടെ പേരിൽ ടൌൺപോലീസ് ഒരു കേസു് ചാജ്ജുചെയ്തിട്ടുള്ളതായി അറിയുന്നു.

പൂരത്തോടനുബന്ധിച്ചു് മാറനിഷ്ഠസംഭവങ്ങളൊന്നും നടന്നതായി പരാതികളില്ലെന്നാണു് പോലീസ്വൃത്തങ്ങളിൽനിന്നറിയുന്നതു്.

രാത്രി ആറു് തവണ വിദ്യുച്ഛക്തി പോവുകയുണ്ടായി. നഗരത്തിൽ പ്രധാനാഘോഷങ്ങളും നടക്കുമ്പോഴൊക്കെ ഈ വിദ്യുച്ഛക്തി പോവൽ ഒരു പതിവാണു്.

ഇന്നു് ഉച്ചയ്ക്കു് തെക്കേ റൌണ്ടിൽ വെച്ചു് കൊച്ചുപ്പൻ എന്നൊരാളെ മർദ്ദിച്ചതിനു് അന്തോണി, വറീതു് തുടങ്ങിയ അഞ്ചുപേരുടെ പേരിൽ പോലീസ് കേസെടുത്തിട്ടുണ്ടു്. കൊച്ചുപ്പനെ ആശുപത്രിയിൽപ്രവേശിപ്പിച്ചിട്ടുമുണ്ടു്.

....

# പാവറട്ടി വി: യൌസേപ്പിതാവിന്റെ തിരുനാൾ

## രണ്ടു ലക്ഷത്തോളമാളുകൾ സംബന്ധിച്ചു

*(സ്വ. ലേ.)* പാവറട്ടി മെയ് 9

*തീർത്ഥകേന്ദ്രമായ പാവറട്ടി പള്ളിയിലെ വി. യൌസേപ്പിതാവിന്റെ തിരുനാളാഘോഷം ഇന്നലേയും ഇന്നുമായി പൂർവ്വാധികം ആഡംബരസമന്വിതം ആഘോഷിക്കപ്പെട്ടിരിക്കുന്നു. രണ്ടു ലക്ഷത്തോളമാളുകൾ ഈ ചടങ്ങുകളിൽ സംബന്ധിച്ചതായി കണക്കാക്കപ്പെടുന്നു.*

ശനിയാഴ്ച കാലത്തു മുതലേ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു് തീർത്ഥകർ ഇങ്ങോട്ടൊഴുകിയെത്താൻ തുടങ്ങി. തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും സ്പെഷൽ ബസ്സുകളും ധാരാളമായുണ്ടായിരുന്നതിനാൽ തീർത്ഥകരുടെ പോക്കുവരവ് മുൻകൊടുങ്ങളെ അപേക്ഷിച്ചു് കൂടുതൽ സൌകര്യപ്രദമായിരുന്നു. കാവു് തുടങ്ങിയ വാഹനങ്ങളിലും ധാരാളമാളുകൾ തിരുനാളിനെത്തുകയുണ്ടായി.

ശനിയാഴ്ച ഉച്ചതിരിഞ്ഞപ്പോഴേയ്ക്കും പള്ളിപ്പറമ്പിസരം പതിനായിരങ്ങളെക്കൊണ്ടു നിറഞ്ഞുതുളുമ്പിയിരുന്നു. പള്ളിപ്പറമ്പിസരം മുഴുവൻ വൈദ്യുത ദീപങ്ങളാലു, തോരണങ്ങളാലും കമനീയമായി അലങ്കരിച്ചിരുന്നു. തീർത്ഥകരെ സേവിക്കാൻ സന്നദ്ധസേവാസംഘക്കാർ ഉത്സുകരായി കാണപ്പെട്ടു.

വൈകുന്നേരം കൂടിയുറക്കുന്ന സമയത്തു് നടത്തപ്പെട്ട കരിമരുന്നുപ്രയോഗം കണ്ണഞ്ചിപ്പിക്കുന്നതായിരുന്നു.

പിന്നിട്ടു് തിരുനാൾ ഊണുകഴിക്കുന്നതിന്റെ ബഹളമായിരുന്നു. മൻകൊല്ലങ്ങളെ അപേക്ഷിച്ചു് ധാരാളം ആളുകൾ അവിടെ തടിച്ചുകൂടി നിൽക്കുന്നതു കാണാമായിരുന്നു.

ഉച്ചാഭാരം തുക്കുന്നം വഴിപാടിടാനും തിരുശേഷിപ്പു് ദർശിക്കുന്നം തള്ളിക്കേറിയിരുന്ന ജനങ്ങളെ നിയന്ത്രിക്കാൻ വളണ്ടിയേഴ്സ് നന്നേ പാടുപെടേണ്ടിവന്നു.

വൈകുന്നേരത്തെ വള എഴുന്നള്ളിപ്പും തുടർന്നു നടത്തപ്പെട്ട കരിമരുന്നുപ്രയോഗവും അത്യന്തം ഹൃദയാവർജ്ജകമായിരുന്ന ഒരിടുങ്കിയ സ്ഥലത്തു് നടത്തപ്പെടുന്ന ഈ വെടിക്കെട്ടിൽ ആൾക്കും ഒരപകടവും സംഭവിക്കുന്നില്ലെന്നതുതന്നെ ഒരത്ഭുതമാണു്.

അതിനുശേഷം പള്ളി നാടകശാലയിൽത്തന്നെ ദിവ്യബലിഅർപ്പണം ആരംഭിച്ചു. പതിനായിരക്കണക്കിനാളുകളാണു് ഈ കുമ്പങ്ങളിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. ദിവ്യപൂജാർപ്പണങ്ങൾക്കശേഷം പ്രസംഗം, പ്രദക്ഷിണം എന്നീ ചടങ്ങുകളും ഉണ്ടായിരുന്നു.

തിരുനാൾദിവസം ഉച്ചതിരിഞ്ഞും രാത്രിയും പള്ളിയും പരിസരങ്ങളും ജനനിബിഡമായിതന്നെ കാണപ്പെട്ടു.

ഹൈസ്കൂളും കോമ്പൗണ്ടിൽ മല്ലശ്ശേരി എൻ. ഇ. എസ്. ബ്ലോക്കുകാർ നടത്തുന്ന പ്രദർശനവും നിരവധി ആളുകളെ ആകർഷിക്കുകയുണ്ടായി.

തിരുനാളിനു് എത്തുന്ന തീർത്ഥകരെ പിഴിയുന്നകാര്യത്തിൽ കാപ്പിക്കടക്കാരും മറ്റു വ്യാപാരികളും മൻകൊല്ലങ്ങളേക്കാൾ ഒന്നുകൂടി ജാഗ്രതയുള്ളവരായി തോന്നി.

എട്ടുമിടം വരുന്ന ഞായറാഴ്ച [മെയ് 16) യാണു്.

....

# ലോകപുരോഗതി ജനസേവനാർത്ഥം വിനിയോഗിക്കാൻ മാർപ്പാപ്പാതിരുമേനി

*വത്തിക്കാൻസിറ്റി*

*കഴിഞ്ഞ ലോകയുദ്ധങ്ങളുടെ അനുസ്മരണകാം കൊണ്ടുവരുന്ന മേയ് മാസം അവയെ നല്ല പ്രവൃത്തികളാക്കി രൂപാന്തരപ്പെടുത്തുകകൂടി ചെയ്യട്ടേയെന്നു്, രണ്ടാംലോകയുദ്ധത്തിന്റെ അന്ത്യത്തെ പരാമർശിച്ചുകൊണ്ടു്, പോൾ മാർപ്പാപ്പായിരുമേനി പ്രത്യാശ പ്രകടിപ്പിച്ചിരിക്കുന്നു.*

ഞായറാഴ്ചയിലെ മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്കുവേണ്ടി സെൻറ് പീറേഴ്സ് സ്ക്വയറിൽ തടിച്ചുകൂടിയ ജനലക്ഷത്തോടു് സംസാരിക്കുകയായിരുന്നു തിരുമേനി.

പുതിയ ചരിത്രത്തിനു് സാഹോദര്യത്തിലും സ്വാതന്ത്ര്യത്തിലും പരസ്പരബഹുമാനത്തിലും അധിഷ്ഠിതമായ പുതിയ തത്വങ്ങളും നൽകപ്പെടണമെന്നു് തിരുമേനി പറഞ്ഞു.

'നമ്മുടെ യുഗത്തിന്റെ ഉൽക്കർഷവും പുരോഗതിയും, പുതിയ തലമുറയ്ക്കു് മാരകായുധങ്ങളും സംഭാവന ചെയ്യാൻ ഉപകരിക്കുന്തെ ജനതകൾക്കു് സഹായമെത്തിക്കാനുള്ള ഒരു മാർഗ്ഗമായിത്തീരേണ്ടതെന്നു് അദ്ദേഹം പ്രത്യാശിച്ചു.

....

# സംഹാരത്തിന്റെ ചോരപുരളാത്ത വിപ്ലവം നയിച്ചു

## മഹാത്മാജിയെപ്പറ്റി ബൌംസ്

ന്യൂഡൽഹി, മെയ്, 10

നമ്മുടെ കാലത്തിന്റെ മേൽ മഹാത്മാഗാന്ധിക്കുള്ള സ്വാധീനശക്തി മറേതൊരു വ്യക്തിക്കുമുള്ളതിനേയും അതിലംഘിക്കുന്നതാണു്. എന്തെന്നാൽ സംഹാരമില്ലാത്തുള്ള വിപ്ലവം എന്ന അദ്ദേഹത്തിന്റെ ആശയം സമാധാനത്തിനുവേണ്ടിയുള്ള ഏറ്റവും മഹത്തായ ശക്തി ജനിപ്പിച്ചുവെന്നു് അമേരിക്കൻ അംബാസ്സഡർ ചെസ്റ്റർ ബൌംസ് പ്രസ്താവിക്കുകയുണ്ടായി.

ഇന്ത്യാ സാന്ദർശനത്തിനായി വെച്ചു് ഗാന്ധി സമാധാന ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലുള്ള ഒരു പ്രസംഗപരമ്പര മി. ബൌംസ് ഉൽഘാടനം ചെയ്യുകയായിരുന്നു. 'ഞാൻ മനസ്സിലാക്കിയ ഗാന്ധി' എന്നതാണു് പ്രസംഗപരമ്പരയിലെ ചർച്ചാവിഷയം.

മഹാത്മാഗാന്ധിയെ മറെ രാജ്യങ്ങളിലുള്ള സമകാലിക നേതാക്കന്മാരുമായി താരതമ്യപ്പെടുത്തിക്കൊണ്ടു്, അത്യന്താപേക്ഷിതമായ എതെങ്കിലും വിധത്തിൽ ഗാന്ധിജിയുടെ സ്വാധീനശക്തിക്കു് വിധേയനാകാത്ത ഒരു വ്യക്തി ഈ ഭൂഖണ്ഡത്തു് ഉണ്ടെന്നു തോന്നുന്നില്ല എന്നംഎന്തെന്നാൽസ്വാതന്ത്ര്യവുംമൈത്രിയുമായ ജീവിതം എന്ന എല്ലാമനുഷ്യരുടേയും ശാശ്വതാഭിലാഷങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണു് അദ്ദേഹത്തിന്റെ തത്വചിന്തയെന്നും മി. ബൌംസ് ഉദ്ഘോഷിച്ചുപറഞ്ഞു.

നമ്മുടെ കാലത്തെ ചരിത്രത്തിനു് രൂപം കൊടുക്കുന്നതിലും മനുഷ്യരാശി മുഴുവനെയും കൂടുതൽ ശക്തിയുക്തമായകുന്ന നിലനിൽപിലേയ്ക്കു് പുരോഗമിപ്പിക്കുന്നതിലും ഗാന്ധിജി ഉപകരണമാക്കിത്തീർന്ന മൂന്നു വ്യത്യസ്ത മാർഗ്ഗങ്ങളാം മി. ബൌംസ് അനുസ്മരിച്ചു. കോളനി വാഴ്ചക്കെതിരായ വിപ്ലവം, മാനുഷികാന്തസ്സിനുവേണ്ടിയുള്ള വിപ്ലവം, സമാധാനത്തിനുവേണ്ടിയുള്ള വിപ്ലവം എന്നിവയാണു് ആ മൂന്നു മാർഗ്ഗങ്ങളാം.

'ഈ മൂന്നു മണ്ഡലങ്ങളിലും ഒരു ശാസ്ത്രജ്ഞനും ഒരു രാജ്യതന്ത്രജ്ഞനും ഒരു വിദ്യാഭ്യാസപ്രവർത്തകനും, എല്ലാ രാഷ്ട്രങ്ങളിലെയും എല്ലാ വർഗ്ഗങ്ങളിലെയും എല്ലാ അഭിപ്രായക്കാരുമായ മർദ്ദിത ജനങ്ങൾക്കുവേണ്ടി അമ്പതുവർഷത്തോളം ദീർഘിച്ചവരിച്ചിരുന്ന എളിയ ഈ ഇന്ത്യൻ അഭിഭാഷകനോളം സംഭാവനനൽകിയിട്ടില്ല' എന്നു് മി. ബൌംസ് പറഞ്ഞു.

നിഗ്രോകൾക്കെതിരായ വിവേചനം ഇല്ലായ്മചെയ്യാൻ ശ്രമിക്കുന്ന അമേരിക്കയിലെ സമകാലിക നേതൃത്വം കഷ്ടതകൾ സഹിച്ചും സ്വയം പരിശ്രമത്തിനു ശ്രമിച്ചും തങ്ങളുടെ എതിരാളികളിൽ ഹൃദയപരിവർത്തനമുണ്ടാക്കാൻ ഗാന്ധിയൻ സംപ്രദായങ്ങളും വിജയപൂർവ്വം ഉപയോഗിക്കുകയുണ്ടായി എന്നും മി. ബൌംസ് പറഞ്ഞു.

സാഹോദര്യസ്നേഹത്തിന്റെയും സഹിഷ്ണുതയുടേയും അടിസ്ഥാനത്തിൽ മാത്രമേ ജനങ്ങൾക്കു് ഒരുമിച്ചു് ജീവിക്കാൻ സാധിക്കുകയുള്ളുഎന്നും വിദ്വേഷം അന്യോന്യസംഹാരത്തിലേയ്ക്കു മാത്രമേ നയിക്കുകയുള്ളു എന്നുമുള്ളതാണു് ലോകത്തിനു് ഗാന്ധിജിയുടെ സന്ദേശമെന്നു് മി. ബൌംസ് പറഞ്ഞു. ഒരു പക്ഷേ, ഐ. രാ. ചാർട്ടർ തയ്യാറാക്കിയവരുടെയും പിന്നീടു് മോസ്കോയിൽവച്ചു് അണ്വായുധപരീക്ഷണനിരോധന ഉടമ്പടി ഒപ്പുവച്ചവരുടെയും കരങ്ങൾക്കു് മാർഗ്ദർശനം നൽകിക്കൊണ്ടു് സമാധാനത്തിനുവേണ്ടിയുള്ള മഹത്തായ ശക്തിയാണെന്നു് തെളിയിച്ചിട്ടുള്ളതു് മഹാത്മാഗാന്ധിയുടെ ഈ ആശയങ്ങളാണു് എന്നു് മിസ്റ്റർ ബൌംസ് ഉദ്ഘോഷിച്ചു.

ചരിത്രത്തിന്റെ ഒരു നിർണ്ണായകഘട്ടത്തിൽ, സ്വാതന്ത്ര്യത്തിനും സമാധാനത്തിനും വ്യക്തിയുടെ അന്തസ്സിനുംവേണ്ടി വാദിക്കാൻ അനേകകോടിയാളുകൾക്കു് ഗാന്ധിജി കാണിച്ചുകൊടുത്ത മാർഗ്ഗമാണു് ശരിയായ മാർഗ്ഗമെന്നും അതു് നമ്മുടെ കൃത്യം ലഘൂകരിച്ചിട്ടുണ്ടെന്നും ബൌംസ് പറഞ്ഞു.

....

## പഞ്ചായത്തുകൾക്കു റേഡിയൊസെറ്റുകൾ

തൃശൂർ, മെ 10

കേന്ദ്രഗവണ്മെണ്ടിന്റെ സബ്സിഡിപദ്ധതിപ്രകാരം പഞ്ചായത്തുകൾക്കു് റേഡിയൊസെറ്റുകൾ വിതരണംചെയ്യുന്ന പദ്ധതിയനുസരിച്ചു് കേരളാപബ്ലിക്കു് റിലേഷൻസ് ഡയറക്ടർ പാവട്ടി പഞ്ചായത്തിനു് 6 ഉം, തൈക്കാടു് പഞ്ചായത്തിനു് അഞ്ചും, പാണഞ്ചേരി, അന്തിക്കാടു് എന്നീ പഞ്ചായത്തുകൾക്കു് മൂന്നുവീതവും. കോലഴി പഞ്ചായത്തിനു് രണ്ടും റേഡിയോകൾ പുതുതായി അനുവദിച്ചിരിക്കുന്നു.

....

# 16 അൺ എയഡഡ് സ്കൂളുകൾ ഈ വർഷം അനുവദിച്ചു

(പി ടി ഐ) തിരു. മെ. 10

1965-66 വർഷത്തിൽ 16 പുതിയ അൺ-എയ്ഡഡ് സ്കൂളുകൾ കേരളാഗവർമെണ്ടു് അനുവദിച്ചിരിക്കുന്നു. ഇവയിൽ 9 എണ്ണം ലോവർ പ്രൈമറി സ്കൂളുകളും 5 എണ്ണം അപ്പർ പ്രൈമറി സ്കൂളുകളുമാണു്.

# ഇന്ത്യൻ പതാക പറന്നിരുന്നു

[പി ടി ഐ] ന്യൂഡൽഹി, മെ 10

ബാന്ദുങ്ങ് കോൺഫറൻസിന്റെ 10-ാംവാർഷികം സംബന്ധിച്ചു് ഏപ്രിൽ 19-ാംതിയതി ജക്കാർത്തയിൽ നടന്ന ആഘോഷങ്ങളിൽ ഇന്ത്യൻപതാക പറന്നിരുന്നുവെന്നു് ഇന്തോനേഷ്യൻ ഗവണ്മെണ്ടു് ഇന്ത്യാഗവണ്മെണ്ടിനെ അറിയിച്ചിട്ടുള്ളതായി വിദേശകാര്യവകുപ്പിലെ ഡപ്യൂട്ടി മന്ത്രി മി. ദിനേശ്സിംഗ് ഇന്നു് ലോക്സഭയിൽ എഴുതിക്കൊടുത്ത ഒരു മറുപടിയിൽ പറയുന്നു

—

# തൃശൂർ വാർത്തകൾ

[സ്വ. ലേ] തൃശൂർ മേയ് 10

## എൽ. ഐ. സി. ഏജൻറ്സ് അസോസിയേഷൻ

തൃശിവപേരൂർ ലൈഫ് ഇൻഷുറൻസ് ഏജൻസ് അസോസിയേഷൻറെ ഒരു അസാധാരണ പൊതുയോഗം തൃശൂർ അരി അങ്ങാടിയിലുള്ള വക്കേഴ്സ് കോളേജി